കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെങ്കൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ്**
**തിരുവനന്തപുരം ജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1837/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 21.11.2019

ഫോൺ. 0471 2331231

ഇ-മെയിൽ dotvm.ksad@kerala.gov.in

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**

**ചെങ്കൽ ഗ്രാമ പഞ്ചായത്ത്.**

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ**

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.1/1837/2019 തീയതി: 21.11.2019

**തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.09.2018 മുതൽ 17.09.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 52 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കു ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2019 മുതൽ<br>27.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ശോശാമ്മ. എസ്സ്.<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ആശ. ജി.ആർ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ബിന്ദുലത. ബി.പി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ. എസ്.ബി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാജു. എസ്., ഓഡിറ്റർ |
| | ശ്രീ. സ്വാലിഹ്. സി. പി.<br>ഓഡിറ്റർ |

***(ബി) <u>നിർവ്വഹണാധികാരികൾ</u>***

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വട്ടവിള രാജ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| **സെക്രട്ടറി** | ശ്രീ. ചന്ദ്രലാൽ. വി.സി. | 01.04.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ജോസഫ് റ്റി. എം. | 01.04.2018 മുതൽ 17.09.2018വരെ |
| | ശ്രീ. ബാലചന്ദ്രൻ നായർ ആർ. | 18.09.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. സർക്കിൾ എ | ശ്രീമതി. സ്മിതരാജ് | 01.04.2018 മുതൽ 31.3.2019 വരെ |
| വി.ഇ.ഒ. സർക്കിൾ ബി | ശ്രീമതി. മഞ്ജുഷ | 01.04.2018 മുതൽ 31.3.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജ്യോതിസ്സ് എസ്സ്. | 01.04.2018 മുതൽ 18.06.2018 വരെ |
| | ശ്രീ. സുനിൽ എസ്സ്. | 19.06.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. വിജയകുമാരി പി. | 01.04.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. എസ്. എൽ. ലിജു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. അഗസ്റ്റിൻ എ. ജെ. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. വിനോദ് കുമാർ | 01.04.2018 മുതൽ 12.07.2018 വരെ |
| | ഡോ. രോഷിനി സി. | 13.07.2019 മുതൽ 31.03.2019 വരെ |
| വെറ്റിനറി ഡോക്ടർ | ഡോ. ബിജേഷ് | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. വിധുബാൽ ചിത്ര. ഐ. | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ശ്രീകുമാർ എ.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്സ്, ചെങ്കൽ | ശ്രീമതി. വിജയകുമാരി. എസ്സ്. | 01.04.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-11 |

| | | |
|---|---|---|
| 12 | വരവിനെക്കാൾ കൂടുതൽ ചെലവ്- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. | 1-12 |
| 13 | കെട്ടിടങ്ങൾക്ക് നമ്പർ നൽകി നികുതി നിർണയിക്കുന്നതിലെ അപാകതകൾ | 1-13 |
| 14 | അസസ്സ്മെന്റ് വിവരങ്ങളിൽ സ്വകാര്യ കെട്ടിടത്തെ നികുതി ഒഴിവാക്കി ഉൾപ്പെടുത്തിയിരിക്കുന്നു. | 1-14 |
| 15 | തൊഴിൽ നികുതി- വരുമാനം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 1-15 |
| 16 | പഞ്ചായത്ത് ഹാൾ വാടക വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. | 1-16 |
| 17 | ലേല രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-17 |
| 18 | കരാറുകൾ ചമക്കുന്നില്ല. | 1-18 |
| 19 | കെട്ടിടങ്ങൾ വാടകക്കു നൽകൽ - നടപടിക്രമങ്ങളിലെ അപാകതകൾ | 1-19 |
| 20 | ഇ-ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല. | 1-20 |
| 21 | ബജറ്റ് രൂപീകരണം -നടപടി ക്രമം പാലിച്ചില്ല. | 1-21 |
| 22 | സംയുക്ത പദ്ധതികളുടെ തുക നിക്ഷേപം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-22 |
| 23 | ഉദ്ഘാടനങ്ങൾക്ക് പരിധിയിലധികം തുക ചെലവ് ചെയ്തു | 1-23 |
| 24 | വിദ്യാർത്ഥികളുടെ സ്കൂൾ യാത്രയ്ക്കായി തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നു. | 1-24 |
| 25 | ചെലവു വൗച്ചറുകൾ ആധികാരികമല്ല | 1-25 |
| 26 | പഞ്ചായത്തു ദിനാഘോഷം ചെലവു രേഖകൾ ലഭ്യമല്ല | 1-26 |
| 27 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും ഡെസ്ക്ടോപ്പും വാങ്ങൽ- അപാകതകൾ | 1-27 |
| 28 | ഉദിയൻകുളങ്ങര ജംഗ്ഷനിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ | 1-28 |
| 29 | തെരുവ് വിളക്ക് പരിപാലനം | 1-29 |
| 30 | കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സമയക്രമം പാലിക്കുന്നില്ല – നിയമാനുസൃത പിഴ ഈടാക്കുന്നില്ല | 1-31 |
| 32 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു. | 1-32 |
| 33 | കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ- തുടർ നടത്തിപ്പും സംരക്ഷണവും ക്രമപ്പെടുത്തിയിട്ടില്ല. | 1-33 |
| 34 | കരുണ മെഡിക്കൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല- ചെലവഴിച്ച തുക പാഴായി | 1-34 |
| 35 | ബഡ്സ് സ്കൂൾ റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക ചെലവ് ക്രമപ്രകാരമല്ല. | 1-35 |
| 36 | യുവജന കായിക വികസനം - മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-36 |
| 37 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)യുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക തിരികെ അടവാക്കിയിട്ടില്ല | 1-37 |
| 38 | പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകതകൾ | 1-38 |
| 39 | തുല്യതാ പത്താം തരം-അധിക തുക നൽകി – 11,100/-രൂപ തടസ്സപ്പെടുത്തുന്നു. | 1-39 |
| 40 | ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി - 30,000/- രൂപ തടസ്സം. | 1-40 |
| 41 | പൊതുകുളങ്ങൾ അളന്ന് തിരിക്കാതെ തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തി. | 1-41 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | | |

| | | |
|---|---|---|
| 46 | ഇല്ല | 2-1 |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 47 | ഉദ്ഘാടനങ്ങൾക്ക് പരിധിയിലധികം തുക ചെലവ് ചെയ്തു | 3-1 |
| 48 | കരുണ മെഡിക്കൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല- ചെലവഴിച്ച തുക പാഴായി | 3-2 |
| 49 | ബഡ്സ് സ്കൂൾ റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക ചെലവ് ക്രമപ്രകാരമല്ല. | 3-3 |
| | ഭാഗം 4 | |
| 50 | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 51 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 52 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 53 | നിക്ഷേപ പ്രവൃത്തികൾക്ക നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 54 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 55 | വായ്പ തിരിച്ചടവ് | 4-5 |
| 56 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 57 | ഓഡിറ്റ് റിക്കവറി | 4-7 |
| 58 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 59 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 60 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 61 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |
| 62 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.3.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 36,89,02,965/- രൂപ വരവും 35,93,39,082/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 15,00,27,109/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 11,70,32,746/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 27.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24,25,937/- |
| | |

| | |
|---|---|
| വരവ് | 14,76,01,172/- |
| ആകെ | 15,00,27,109/- |
| ചെലവ് | 11,70,32,746/- |
| നീക്കിയിരിപ്പ് | 3,29,94,363/- |

# 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| SBI NREGS | 65308 | 966206 | 1031514 | 939050 | 92464 |
| SBI parassala | 36014 | 38367780 | 38403794 | 8878347 | 29525447 |
| KGB(LIFE) | 1000 | 5473341 | 5474341 | 3879116 | 1595225 |
| KGB(OWN) | 2993348 | 8650814 | 11644162 | 10030768 | 1613394 |
| TRY TSB | -929214 | 24232627 | 23303413 | 23927178 | -623765 |
| CO-Operative Bank OWN fund | 13306 | 0 | 13306 | 0 | 13306 |
| SBI other Funds | 0 | 92826 | 92826 | 1593 | 91233 |
| ICICI Bank central share | 0 | 802366 | 802366 | 279370 | 522996 |
| cash | 246175 | 164063 | 410238 | 246175 | 164063 |
| വികസന ഫണ്ട് (ജനറൽ) | 0 | 26781464 | 26781464 | 26781464 | 0 |
| വികസന ഫണ്ട്( എസ്.സി.പി) | 0 | 9051787 | 9051787 | 9051787 | 0 |
| ബി ഫണ്ട് | 0 | 1601760 | 1601760 | 1601760 | 0 |
| സി.എഫ്.സി. | 0 | 13479567 | 13479567 | 13479567 | 0 |
| മെയിന്റൻസ് ഫണ്ട് (റോഡ്) | 0 | 12426393 | 12426393 | 12426393 | 0 |
| മെയിന്റൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5510178 | 5510178 | 5510178 | 0 |

# 1-5 പദ്ധതി അവലോകനം.

| | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| ആകെ പദ്ധതികൾ | 315 | 281734647 | 196 | 86175376 | 3 | 116 | 62% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 65308 | 966206 | 1031514 | 939050 | 92464 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 43645210 | 43645210 | 43645210 | 0 |

| നൽകായത് | | | | | | |
|---|---|---|---|---|---|---|

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14,81,760/- | 1581 |
| കർഷക തൊഴിലാളി പെൻഷൻ | 52,65,000/- | 4218 |
| വിധവാപെൻഷൻ | 53,81,100/- | 3785 |
| വാർദ്ധക്യകാല പെൻഷൻ | 1,01,89,600/- | 7375 |
| വികലാംഗ പെൻഷൻ | 29,48,900/- | 2044 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,20,000/- | 4 |
| 50 വയസ്സിന് മുകളിലുള്ള അവിവാ ഹിതരായ സ്ത്രീകളുടെ പെൻഷൻ | 2,78,000/- | 194 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2019 രാവിലെ 11.15 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,383/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

<u>I) വരവിലുമധികമായി ചെലവ്</u>

വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പന്റിച്ചർ പത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ചെലവ് വരവിലുമധികമാണ്. തനതു വരവുകൾ യഥാവിധി കണ്ടെത്തി മുതൽക്കൂട്ടാക്കാത്തതും, തനതു ചെലവുകളുടെ നിയന്ത്രണമില്ലായ്മയും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. ലഭ്യത ഉറപ്പാക്കാതെ പദ്ധതികൾക്ക് തനത്ഫണ്ട് വകയിരുത്തുന്നത് ഒഴിവാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>ii)പദ്ധതി ആസൂത്രണം, തിരഞ്ഞെടുപ്പ്, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം പ്രക്രിയകളിലെ വീഴ്ചകൾ</u>

വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ സമയബന്ധിതമായി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകുന്ന തനത് വരവ് സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാത്തതിനാൽ പൂർത്തീകരിച്ച പദ്ധതികൾക്ക് യഥാസമയം തുക നൽകുന്നതിന് സാധിച്ചിട്ടില്ല. പൊതുമരാമത്ത് വിഭാഗത്തിൽ 249 പദ്ധതികൾ നടപ്പാക്കുന്നതിന് അഗീകാരം ലഭിച്ചതിൽ 80 പദ്ധതികൾ സ്പിൽ ഓവർ ആയിരുന്നു. 2018-19 ൽ അംഗീകാരം ലഭിച്ചതിൽ 97 പദ്ധതികൾ 2019-20 ൽ സ്പിൽ ഓവർ ആയിട്ടുണ്ട്. ഇതിൽ 2017-18 ൽ അംഗീകാരം ലഭിച്ച രണ്ട് പദ്ധതികളും ഉൾപ്പെടുന്നു. കരാറുകാർ മുഖേന നടപ്പാക്കിയ പദ്ധതികളിൽ സമയക്രമം പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്നതിനും, കരാറിൽ ഏർപ്പെട്ടുകഴിഞ്ഞാൽ പൂർത്തീകരിക്കുന്നതിനും കാലതാമസം വന്നിരിക്കുന്നു. കരാറുകാർക്ക് സൈറ്റ് കൈമാറുന്ന അപ്പൻഡിക്സ് XVI(a) ഫോമിൽ സൈറ്റ് കൈമാറുന്ന തീയതി, കംപ്ലീഷൻ സർട്ടിഫിക്കറ്റിൽ പ്രവൃത്തി പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്താതെയും, എഗ്രിമെന്റിൽ വ്യവസ്ഥകൾ പൂർണ്ണമായും എഴുതിചേർക്കാതെയും, ഒപ്പിടാതെയും സൂക്ഷിച്ചിരിക്കുന്നു. തുടർ നിരീക്ഷണവും പരിപാലനവും ആവശ്യമായ പദ്ധതികൾക്ക് ഗുണഭോക്താക്കളുടെ സമിതിയെ ചുമതല ഏൽപ്പിച്ച് കരാറിലേർപ്പെടുന്നില്ല. പദ്ധതി നിർവ്വഹണ വേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

സെക്രട്ടറി നിർവ്വഹിച്ച വിവിധ പദ്ധതികളുടെ പ്രോജക്ടിൽ പദ്ധതി എപ്രകാരം നിർവ്വഹിക്കണം എന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി 226/19-ാം നമ്പർ പ്രോജക്ട് പ്രകാരം വാങ്ങുന്ന സാധനത്തിന്റെ (മേശ, സ്റ്റൂൾ, ഡെസ്ക്) നിർമ്മാണവസ്തുവിന്റെ തരം പ്രോജക്ടിൽ രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറിയുടെ പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ആവശ്യകതാ നിർണയം നടത്തിയിട്ടില്ല. സ്റ്റോക്ക് പ്രകാരം 15 കമ്പ്യൂട്ടറുകൾ നിലവിൽ ഉണ്ടായിരിക്കെ പുതുതായി 11 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്.

വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ അപേക്ഷകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തയിനങ്ങൾക്കും സർക്കാറിന്റെ മുൻകൂർ അംഗീകാരമില്ലാതെ ചെലവ് ചെയ്തിരിക്കുന്നു. (ഖണ്ഡിക 1-24)

<u>iii) സ്റ്റോക്ക് പരിപാലനത്തിലെ അപാകതകൾ</u>

വിവിധ ഉപകരണങ്ങളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രേഖപ്പെടുത്തുന്നതിലേക്കായി ഒന്നിൽ കൂടുതൽ രജിസ്റ്ററുകൾ ഉപയോഗിച്ചു വരുന്നു. കൂടാതെ സ്റ്റോക്ക് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല. സ്റ്റോക്ക് ലഭിച്ചതിന്റെ വിവരങ്ങൾ (ലഭിച്ച സാധനങ്ങളുടെ എണ്ണം, സ്ഥാപനം, ബിൽ നമ്പർ, ഇൻവോയിസ് തീയതി), സ്റ്റോക്ക് നൽകിയതിന്റെ വിവരം (എത്ര എണ്ണം) എന്നിവ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല.

<u>Iv) ആസ്തി രജിസ്റ്റർ കാലികമല്ല.</u>

2018-19 ൽ ആർജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. 2018ലാണ് അവസാനമായി ആസ്തി രജിസ്റ്റർ പ്രിന്റ് ചെയ്തതെന്നും, അതിനു ശേഷമുള്ള ആസ്തികൾ ഐ.കെ.എം ന്റെ സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും അറിയിച്ചുവെങ്കിലും, ഓഡിറ്റിനു ലഭ്യമാക്കിയ രേഖകളിലും പുതിയ ആസ്തികൾ ഐ.കെ.എം.ന്റെ സോഫ്റ്റ്വെയറിൽ ഉൾപ്പെട്ടിട്ടില്ല. ഉദാ -2018-19 ൽ പൂർത്തിയാക്കിയ വിവിധ കുടിവെള്ള പദ്ധതികൾ.

v) <u>രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല</u>

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

vi) <u>ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അംഗീകാരം നേടിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് നാളിതുവരെ സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

vii) <u>തെരുവ് വിളക്കുകളുടെ പരിപാലനത്തിലെ പോരായ്മകൾ</u>

പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്ത് പരിധിയിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷനുകളിൽ ഓരോ സെക്ഷനിലും എത്ര തെരുവുവിളക്കുകൾ/ പോസ്റ്റുകൾ ഉണ്ട്, ഏതൊക്കെ തരം എന്നീ വിവരങ്ങൾ തെരുവു വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 07.07.2010-ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. വൈദ്യുതി ചാർജ്ജ് കെ.എസ്.ഇ.ബി യിൽ നിന്നും ലഭിക്കുന്ന ഡിമാന്റ് പ്രകാരമാണ് ഒടുക്കിവരുന്നത്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്താൻ കഴിയുന്നില്ല.

Viii) <u>ക്വാറം തികയാതെ ഭരണസമിതി യോഗം</u>

കേരള പഞ്ചായത്ത് രാജ് (പ്രൊസീജ്യർ ഫോർ പഞ്ചായത്ത് മീറ്റിംഗ്) ചട്ടങ്ങൾ 1995 ചട്ടം 7 പ്രകാരം ഒരു ഭരണസമിതി യോഗത്തിന്റെ ക്വാറം എന്നത് ആകെ അംഗസംഖ്യയുടെ മൂന്നിലൊന്നാണ്. എന്നാൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെ എണ്ണം 21 ആയിരിക്കെ 5.7.2018 ന് 4 അംഗങ്ങൾ മാത്രം പങ്കെടുത്ത് ഭരണസമിതി യോഗം കൂടുകയും തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നടപടി ചട്ടവിരുദ്ധമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ഓഗസ്റ്റ് 2019 | 01.07.2019മുതൽ 31.07.2019 വരെ | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.05.2016മുതൽ 31.05.2016 വരെ | 2011മുതൽ 2015-16 വരെ | 23.07.2016 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

എ) <u>ബാങ്ക് പാസ് ബുക്ക് പ്രകാരം വരവ് വന്ന തുകകൾ വരവ് വന്നിട്ടില്ലാത്തതായി കാണിച്ച് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കി</u>

1.കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ടിലെ 2019 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ, വരവിനത്തിൽ അക്കൗണ്ടിൽ ക്രഡിറ്റ് ആയ 2,62,729/- രൂപയുടെ ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു (31.03.2019 പ്രകാരം). മേൽ ചെക്കുകളുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ ചെക്ക്/ഡി.ഡി രജിസ്റ്ററിൽ എല്ലാ ചെക്കുകളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പണമായ ചെക്കുകൾ റീകൺസിലിയേഷൻ പത്രിക പ്രകാരം പണമാകാത്തതായി ഉൾപ്പെടുത്തിയിരിക്കുന്നു.

<u>ഉദാ-</u>

| ക്രമ നമ്പർ | ഇൻസ്ട്രമെന്റ് നമ്പർ/ തീയതി | തുക | ബാങ്കിൽ ക്രെഡിറ്റ് വന്ന തീയതി |
|---|---|---|---|
| 1 | 252114/11.4.2018 | 86,633/- | 25.04.2018 |
| 2 | 603315/22.3.18 | 1,02,428/- | 31.03.2018 |

റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന 3,210/- രൂപയുടെ ചെക്കിന്റെ വിശദാംശങ്ങൾ (ഇൻസ്ട്രമെന്റ് നമ്പർ, തീയതി) ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 1, 15) ലഭ്യമാക്കിയ മറുപടി പൂർണ്ണമല്ല.

2.ചെക്ക് ഇഷ്യൂ രജിസ്റ്ററിന്റെ അഭാവത്തിൽ `Cheque issued but not collected`ആയി റീകൺസിലിയേഷൻ പത്രികയിൽ കാണിച്ചിട്ടുള്ള 2,17,991/- രൂപയുടെ വിവരങ്ങൾ പരിശോധിക്കാനായിട്ടില്ല.
3.ബിൽ രജിസ്റ്ററിൽ `Cheque issued but not collected` ആയി റീ കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ചെക്കുകളുടെ വിശദാംശങ്ങൾ ഇല്ല.

<u>റീകൺസിലിയേഷൻ പ്രകാരമുള്ള വിവരങ്ങൾ</u>

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ഇൻസ്ട്രമെന്റ് നമ്പർ | ഇൻസ്ട്രമെന്റ് തീയതി | തുക |
|---|---|---|---|---|
| 21801625 | 31.3.19 | രേഖപ്പെടുത്തിയിട്ടില്ല | 31.3.19 | 4520 |
| 21801626 | 31.3.19 | ,, | ,, | 2165 |
| 21801032 | 04.01.19 | 016457 | 4.1.19 | 87 |
| 21801229 | 28.2.19 | 017069 | 28.2.19 | 1750 |
| 21800617 | 14.9.18 | 015557 | 14.9.19 | 490 |
| 21800618 | ,, | 015558 | ,, | 442 |
| 21800374 | 17.7.18 | രേഖപ്പെടുത്തിയിട്ടില്ല | 17.7.18 | 3439 |
| 21800388 | ,, | 022966 | ,, | 3000 |
| 21800389 | ,, | ,, | ,, | 3500 |
| 21800436 | 26.7.18 | 015119 | 26.7.19 | 5513 |
| 21800254 | 11.6.19 | 014772 | 11.6.19 | 1000 |
| 21800263 | 12.6.18 | 014881 | 12.6.18 | 686 |
| 21800266 | ,, | 014884 | ,, | 590 |
| 21800158 | 24.5.18 | 014523 | 24.5.18 | 800 |
| 21701442 | 31.3.18 | 020469 | 31.3.18 | 18000 |
| 21800435 | 26.7.18 | 015119 | 26.7.18 | 5513 |
| 21800822 | 8.11.18 | 015900 | 8.11.18 | 2500 |
| 21800916 | 4.12.18 | 016043 | 4.12.18 | 1000 |
| 21800958 | 15.12.18 | 016437 | 13.12.18 | 164 |
| 21800959 | ,, | ,, | ,, | 1400 |
| 21800971 | 20.12.18 | 014756 | 1.6.18 | 20000 |

ഓഡിറ്റ് എൻക്വയറി 10 നുള്ള മറുപടിയുടെ കൃത്യത ചെക്ക് ഇഷ്യൂ രജിസ്റ്റർ, ചെക്കുകളുടെ കൗണ്ടർ ഫോയിൽ എന്നിവയുടെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല. കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ബാങ്ക് ബുക്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തി ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ബി) ട്രഷറി.റ്റി.എസ്.ബി

ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീ കൺസിലിയേഷൻ പത്രിക എന്നിവയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 05.10.2018 തീയതിയിൽ കൃഷി ഓഫീസർക്കു നൽകുവാനായി 1,92,488/-രൂപ യുടെ ചെക്ക് (നമ്പർ 2314335) തയ്യാറാക്കിയെങ്കിലും, ചെക്ക് കൈമാറാതെ തദ്ദേശ സ്ഥാപനത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. എന്നാൽ ബാങ്ക് ബുക്കിൽ 5.10.18 ന് ചെലവായി കാണിക്കുകയും റീ കൺസിലിയേഷൻ പ്രകാരം 31.3.19 ൽ തുക cheque isued not collected ആയി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2.ട്രഷറി സ്റ്റേറ്റ്മെന്റിൽ ചെക്ക് നമ്പർ 886055/9.5.18 പ്രകാരം 46,307/- രൂപ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത ചെക്ക് മുഖേനയുള്ള ചെലവ് വിവരം ബാങ്ക് ബുക്കിൽ പ്രതിഫലിച്ചിട്ടില്ല.

3. ട്രഷറി സ്റ്റേറ്റ്മെന്റിൽ ചെക്ക് നമ്പർ 997358 പ്രകാരം 03.07.2018 ന് 90,815/- രൂപ പിൻവലിച്ചിട്ടുണ്ട്. ബാങ്ക് ബുക്കിൽ ഈ ചെക്ക് പ്രകാരം 7.6.18 ന് 1,30,203/- (39388+1584+26179+1366+4244+5234+781+21427) ചെലവായതായി കാണിച്ചിട്ടുണ്ട്.

4.ട്രഷറി അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്ത തുകകൾ ബാങ്ക് ബുക്കിൽ വരവായി കാണിച്ചിരിക്കുന്നു ഉദാ-ബാങ്ക് ബുക്കിൽ 15.10.2018 ൽ ചെക്ക് നമ്പർ 2314344 പ്രകാരം 3,42,000/- രൂപ വരവ് വന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ ട്രഷറി അക്കൗണ്ടിൽ ഈ തുകയുടെ വരവ് അക്കൗണ്ട് ചെയ്തിട്ടില്ല

5. ബാങ്ക് ബുക്കിൽ പ്രയർ പിരീഡ് -മിസലേനിയസ് ചെലവുകൾ എന്ന ഹെഡിൽ സാംഖ്യയിലെ തിരുത്തൽ എൻട്രിയായി 8.8.2018 ന് 1,88,968/- രൂപ വരവ് വന്നതായും അതേ തുക ചെലവായതായും കാണിച്ചിരിക്കുന്നു. 6930035/28.3.18 നമ്പർ ചെക്ക് പ്രകാരം നൽകിയ 5,89,918/- രൂപയുടെ തിരുത്തൽ എൻട്രിയായാണ് രേഖപ്പെടുത്തിയത്. വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി 28 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല.

# 1-12 വരവിനെക്കാൾ കൂടുതൽ ചെലവ്- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം (ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്) വരവിനെക്കാൾ അധികം തുക ചെലവഴിച്ചിരിക്കുന്നു. 31.03.2019ലെ ബാങ്ക് ബുക്ക് പ്രകാരം ട്രഷറി റ്റി.എസ്.ബി അക്കൗണ്ട് നെഗറ്റീവ് ബാലൻസാണ് (-623765/- രൂപ). തനത് ഫണ്ട് വകയിരുത്തിയ വിവിധ പദ്ധതികൾ സ്പിൽ ഓവറാകാതിരിക്കുന്നതിനായി തനത് ഫണ്ടിൽ നിന്ന് തുക നൽകിയതിനാലാണ് ബാലൻസ് നെഗറ്റീവായതെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടിയായി അറിയിച്ചിട്ടുണ്ട്. തൻവർഷം ആകെ തനത് വരവ് ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പെടെ 2,18,81,397/- രൂപയായിരിക്കെ (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം) വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി 2,07,94,133/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി. ഫണ്ട് വകയിരുത്തുന്നതിലും പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ വർക്കിംഗ് ഗ്രൂപ്പുകളുടെയോ കാര്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പ്രകാരം തനത് വരുമാനം പിരിച്ചെടുക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനമെടുത്തുവെങ്കിലും നടപടികൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. സ്കൂൾ വാഹനം വാടകക്കെടുത്ത ഇനത്തിലും, കരുണ ഫാർമസിയിലെ ഫാർമസിസ്റ്റിന് വേതനം നൽകിയ ഇനത്തിലും തനത് ഫണ്ടിൽ നിന്നും ആവർത്തന ചെലവ് ഉണ്ടായിട്ടുണ്ട് (ഖണ്ഡിക 3-2 കാണുക). പഞ്ചായത്ത് കല്യാണമണ്ഡപത്തിന്റെ നവീകരണത്തിനായി 2017-18, 2018-19 വർഷങ്ങളിലായി 32 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ മണ്ഡപത്തിൽ നിന്നും വരവ് ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. (ഖണ്ഡിക 1-16കാണുക).

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നവംബർ,ഡിസംബർ മാസങ്ങളിലെ യോഗ തീരുമാന പ്രകാരം തനത് ഫണ്ടിലെ ബാലൻസ് കുറവാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കൂടാതെ ഡിസംബർ മാസത്തെ 1-ാം നമ്പർ തീരുമാന പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി ജില്ലാ, ബ്ലോക്ക് വിഹിതമായി തനത് ഫണ്ടിൽ വന്നിട്ടുള്ള തുകകൾ മറ്റ് അടിയന്തിര ചെലവുകൾക്ക് വിനിയോഗിക്കുവാൻ തീരുമാനമെടുത്തത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സംയുക്ത പദ്ധതികൾക്കായി പ്രത്യേക അക്കൗണ്ട് തുടങ്ങിയിരുന്നുവെങ്കിൽ ഈ

അപാകത ഒഴിവാക്കാമായിരുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് 2018-19 സാമ്പത്തിക വർഷത്തിൽ 2.10.18, 21.11.18 തീയതികളിൽ യോഗം ചേർന്നതായി രേഖപ്പെടുത്തലുണ്ടെങ്കിലും വാർഷിക പദ്ധതി നടപ്പിലാക്കുന്നതിനായുള്ള തീരുമാനങ്ങളാണ് കൈകൊണ്ടിട്ടുള്ളത്. പഞ്ചായത്തിലേക്കുള്ള വരവ് വർദ്ധിപ്പിക്കുന്നതിനും ചെലവ് നിയന്ത്രിക്കുന്നതിനുമുള്ള കാര്യക്ഷമമായ നിർദ്ദേശങ്ങളൊന്നും തന്നെ വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തിട്ടില്ല.

വരവിനേക്കാൾ ചെലവ് കൂടാനുണ്ടായ സാഹചര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും വിലയിരുത്തേണ്ടതും വീഴ്ചകൾ കണ്ടെത്തി പരിഹരിച്ച് പൊതുജനക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ യാഥാർത്ഥ്യവും കാര്യക്ഷമവുമാക്കേണ്ടതാണ്.

# 1-13 കെട്ടിടങ്ങൾക്ക് നമ്പർ നൽകി നികുതി നിർണയിക്കുന്നതിലെ അപാകതകൾ

എ) <u>മേഖലാ വിഭജനം നടത്തിയത് ചട്ടപ്രകാരമല്ല</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരണം നടപ്പാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ച് അടിസ്ഥാനവസ്തു നികുതി നിരക്ക് നിർണ്ണയിക്കുകയും മേഖലാ വിഭജനം നടത്തി നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തു പ്രദേശത്തെ പ്രഥമം, ദ്വിതീയം, ത്രിതീയ മേഖലകളായി വിഭജിച്ചപ്പോൾ ദേശീയ പാത, ജില്ലാറോഡ്, മറ്റു പ്രധാന റോഡുകൾ എന്നിങ്ങനെ പ്രാധാന്യമനുസരിച്ച് വിഭജനം നടത്തുന്നതിനു പകരം വാർഡുകളെ പൂർണ്ണമായി വിവിധ മേഖലകളായി വിഭജിക്കുകയാണ് ചെയ്തത്. അതായത് 3,5,6 വാർഡുകളെ പ്രഥമമേഖലയിലും, 2,7,8,9,10,16,17,18 വാർഡുകളെ ദ്വിതീയ മേഖലയിലും, മറ്റു വാർഡുകളെ ത്രിതീയ മേഖലയിലും ഉൾപ്പെടുത്തിയാണ് ഗ്രാമപഞ്ചായത്ത് മേഖലാ വിഭജനം നടത്തിയത്. വാർഡ് അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തിയതിലൂടെ പ്രഥമ മേഖലയിൽപ്പെട്ട വാർഡിന്റെ താരതമ്യേന ഗതാഗത സൗകര്യം കുറഞ്ഞ പ്രദേശത്തുൾപ്പെടുന്ന കെട്ടിടങ്ങളും ഉയർന്ന നികുതി നൽകുവാൻ ബാധ്യസ്ഥരാകുന്നു. കൂടാതെ ദ്വിതീയ, ത്രിതീയ മേഖലയിൽപ്പെടുന്ന ഗതാഗത, വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്കും വഴി സൗകര്യം കുറഞ്ഞ കെട്ടിടങ്ങൾക്കു ലഭിക്കുന്ന നികുതി ആനുകൂല്യം ലഭിക്കുവാനും ഇടയാകുന്നു.

ബി) <u>ഗ്രാമപഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയ മേഖലാ വിഭജനം, വഴി സൗകര്യം എന്നിവയുടെ അടിസ്ഥാനത്തിലല്ല വസ്തു നികുതി നിർണയിക്കുന്നത്</u>

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, അനുബന്ധ ഉത്തരവുകൾ എന്നിവ പ്രകാരം ദ്വിതീയ മേഖലയിൽ പ്പെടുന്ന ഒരു കെട്ടിടത്തിന് 10% ഉം, ത്രിതീയ മേഖലയിൽപ്പെടുന്ന ഒരു കെട്ടിടത്തിന് 20% ഉം അടിസ്ഥാന വസ്തുനികുതിയിൽ നിന്നും ഇളവു ലഭിക്കും. കൂടാതെ, 5മീറ്ററിൽ കൂടുതൽ വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയിൽ നിന്നും 20% വർദ്ധനവും, 1.5മീറ്ററിൽ കുറഞ്ഞ വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ നിന്നും 10% ഇളവും അനുവദിക്കേണ്ടതുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണ്ണയം നടത്തിയ വിവിധ കെട്ടിടങ്ങൾക്ക് ചട്ടങ്ങൾ പ്രകാരമുള്ള ഇളവ്/വർദ്ധനവ് അനുവദിക്കാത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

(ഗ്രാമപഞ്ചായത്ത് നിർണയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് 5രൂപ/ച.മീ.)

| ക്രമ നം | കെട്ടിട ഉടമ, കെട്ടിട നം, വിസ്തീർണ്ണം, ഉപയോഗം | നിർണ്ണയിച്ച വാർഷിക നികുതി + ലൈബ്രറി സെസ് (ഉൾപ്പെട്ട മേഖല) | ചട്ടപ്രകാരം നിർണ്ണയിക്കേണ്ട നികുതി | കുറിപ്പ് |
|---|---|---|---|---|
| 1 | ജോയൽ സിങ് | 669+ | അടിസ്ഥാനനികുതി- 742.6 - | പ്ലാൻ പ്രകാരം 10മീ. വീതിയുള്ള റോഡിൽ |

| | | | | |
|---|---|---|---|---|
| | 17/574A<br>148.52sq.m<br>പാർപ്പിടം | 34<br>ദ്വിതീയം | ഇളവ് 10% 74.26+<br>വർദ്ധനവ് 20% – 148.52<br>816.86<br>വാർഷിക നികുതി - 817 +<br>ലൈബ്രറി സെസ് – 41 | നിന്നും പ്രവേശനമുള്ളത്. |
| 2 | സദാനന്ദൻ<br>3/282<br>87sq.m<br>പാർപ്പിടം | 402+<br>21<br>പ്രഥമം | അടിസ്ഥാനനികുതി- 435+<br>വർദ്ധനവ് 20% - 87<br>522<br>വാർഷിക നികുതി - 522 +<br>ലൈബ്രറി സെസ് - 26 | പ്ലാൻ പ്രകാരം പ്രഥമ മേഖലയിൽപ്പെടുന്നതും, 5മീ.ലധികം വീതിയുള്ള റോഡിൽ നിന്നും പ്രവേശനമുള്ളത്. |
| 3 | ഷിബു എസ്<br>14/141A<br>95.4sq.m<br>പാർപ്പിടം | 525+27<br>ത്രിതീയം | അടിസ്ഥാനനികുതി- 477+<br>ഇളവ് 20% - 95.4<br>381.6<br>വാർഷിക നികുതി - 382 +<br>ലൈബ്രറി സെസ് - 19 | പ്ലാൻ പ്രകാരം 3മീ. വീതിയുള്ള കോൺക്രീറ്റ് റോഡിൽ നിന്നും പ്രവേശനമുള്ളത്. |
| 4 | രമ്യ വി.കെ.<br>14/365A<br>101.97sq.m<br>പാർപ്പിടം | 729+37<br>ത്രിതീയം | അടിസ്ഥാനനികുതി-509.85+<br>ഇളവ് 20% - 101.97<br>407.88<br>വാർഷിക നികുതി - 408 +<br>ലൈബ്രറി സെസ് - 20 | പ്ലാൻ പ്രകാരം 3മീ. വീതിയുള്ള റോഡിൽ നിന്നും പ്രവേശനമുള്ളത്. |
| 5 | ജസ്റ്റിൻ രാജ്<br>1/314A<br>262.19sq.m<br>പാർപ്പിടം | 1180+59<br>ത്രിതീയം | അടിസ്ഥാനനികുതി1310.95-<br>ഇളവ് 20% 262.19+<br>വർദ്ധനവ് 20% 262.19<br>1310.95<br>വാർഷിക നികുതി - 1311 +<br>ലൈബ്രറി സെസ് - 66 | പ്ലാൻ പ്രകാരം 6മീ. വീതിയുള്ള റോഡിൽ നിന്നും പ്രവേശനമുള്ളത്. |

മേൽ പ്രകാരമുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 46/27.09.2019) സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമ നം.2 പ്രകാരമുള്ള കെട്ടിടം ദ്വിതീയ മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും, ക്രമ നം.3, 4 കെട്ടിടങ്ങൾ ദ്വിതീയ മേഖലയിൽ 5മീറ്ററിൽ കൂടുതൽ വഴി സൗകര്യമുള്ള കെട്ടിടങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നുവെന്നും, ക്രമ നം.5 കെട്ടിടം ദ്വിതീയ മേഖലയിൽ 1.5 മീറ്ററിലധികം വഴി സൗകര്യമുള്ളതായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നും മറുപടി ലഭ്യമാക്കി.

2018-19 ൽ കെട്ടിടനമ്പർ അനുവദിച്ച്, നികുതി നിർണ്ണയം നടത്തിയ 15 അപേക്ഷകൾ പരിശോധിച്ചതിൽ 9 എണ്ണത്തിലും ഇത്തരം അപാകത ശ്രദ്ധയിൽപ്പെട്ടു. 2018-19 ൽ വസ്തുനികുതി നിർണ്ണയിക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളുടെയും അപേക്ഷകൾ പുനപരിശോധിക്കേണ്ടതും ചട്ടങ്ങൾ പ്രകാരമുള്ള ഇളവ്/വർദ്ധനവ് നൽകി നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

# 1-14 അസസ്സ്മെന്റ് വിവരങ്ങളിൽ സ്വകാര്യ കെട്ടിടത്തെ, നികുതി ഒഴിവാക്കി ഉൾപ്പെടുത്തിയിരിക്കുന്നു

സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ കെട്ടിട നം. 6/18, ഷെനിയ മാനേജിംഗ് ട്രഷറി, ഫാത്തിമ പബ്ലിക് സ്കൂൾ, കുംഭവിള എന്ന രേഖപ്പെടുത്തിയിട്ടുള്ള 150ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി ഒഴിവാക്കിയതായി

രേഖപ്പെടുത്തിയിരിക്കുന്നു.

പ്രസ്തുത കെട്ടിടത്തിന്റെ നികുതി ഒഴിവാക്കുവാനുള്ള കാരണം, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സ്വഭാവം (എയ്ഡഡ്/അൺഎയ്ഡഡ്) തുടങ്ങിയ വിവരങ്ങൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.51/27.09.2019)ന് ചെങ്കൽ ഗ്രാമപഞ്ചായത്തിലെ 6/18, 6/19 കെട്ടിടങ്ങൾക്ക് നിയമവിരുദ്ധമായി കെട്ടിടനികുതിയിൽ നിന്നും ഇളവ് ലഭിച്ച് വരുന്നതായി ബോധ്യപ്പെട്ടതായും, നോട്ടീസ് നൽകി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി ലഭ്യമാക്കി. മറുപടിയോടൊപ്പം ലഭ്യമാക്കിയ നോട്ടീസിൽ 02.03.2019 തീയതിയിൽ കെട്ടിടം പരിശോധിച്ച് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. പ്രസ്തുത നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിരുന്നതായോ, ചട്ടങ്ങൾ പാലിച്ച് നമ്പർ നൽകിയതായോ, നികുതി ഒഴിവാക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയതായോ വിശദീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും, ഹയർ സെക്കണ്ടറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളേയുമാണ് കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. മേൽ സ്ഥാപനം അൺ എയ്ഡഡ് വിഭാഗത്തിൽപ്പെടുന്ന പക്ഷം 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക വിധേയമായി വസ്തു നികുതി നിർണയം നടത്തി, കുടിശ്ശിക സഹിതം നികുതി ഈടാക്കേണ്ടതാണ്.

# 1-15 തൊഴിൽ നികുതി- വരുമാനം കൃത്യമായി ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ 10 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും സെക്രട്ടറിക്ക് തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനത്തിന്റെ ഉടമയോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ്, ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ എന്നിവ ആവശ്യപ്പെടാവുന്നതും, ചട്ടം 18 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതുമാണ്.

തൊഴിൽ നികുതി ഈടാക്കുന്നതിലേക്കായി ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെങ്കിലും, നികുതി വരുമാനം ഉറപ്പാക്കുന്നതിലേക്കായി തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതുകൊണ്ട് തന്നെ എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്യുന്നതിനു ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തതു സംബന്ധിച്ച മറ്റു അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)<u>തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

| സ്ഥാപനം | തൊഴിൽ നികുതി/ സ്ഥാപനനികുതി | അർദ്ധ വർഷം | ഈടാക്കേണ്ട നികുതി |
|---|---|---|---|
| മിനി മുത്തൂറ്റ് നിധി ലിമി. | സ്ഥാപന നികുതി | 1,11 | 2,500/- |
| സപ്ലൈകോ ഉദിയൻകുളങ്ങര ശാഖ | സ്ഥാപന നികുതി | 1,11 | 2,500/- |
| സപ്ലൈകോ വട്ടവിള ശാഖ | സ്ഥാപനനികുതി | 1,11 | 2,500/- |
| ആദാം ഫിനാൻസ് | സ്ഥാപനനികുതി | 1,11 | 2,500/- |
| ബി.എസ്.എൻ.എൽ. | സ്ഥാപന നികുതി | 1 &11 | 2,500/- |
| ജില്ലാ സഹകരണ ബാങ്ക്, ഉദിയൻകുളങ്ങര | സ്ഥാപന നികുതി | 1 &11 | 2,500/- |
| കെ.എസ്.എഫ്.ഇ. ഉദിയൻകുളങ്ങര | സ്ഥാപനനികുതി | 1,11 | 2,500/- |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| ആറയൂർ സർവ്വീസ് സഹകരണ ബാങ്ക് | സ്ഥാപനനികുതി | 1,11 | 2,500/- |
| ചെങ്കൽ സർവീസ് സഹകരണ ബാങ്ക്, പൂഴിക്കുന്ന് ശാഖ | സ്ഥാപനനികുതി | 1,11 | 2,500/- |
| ചെങ്കൽ സർവീസ് സഹകരണ ബാങ്ക്, വ്ലാത്താങ്കര ശാഖ | സ്ഥാപനനികുതി | 1,11 | 2,500/- |
| ചെങ്കൽ സർവീസ് സഹകരണ ബാങ്ക്, ആലത്തറക്കൽ ശാഖ | സ്ഥാപനനികുതി | 1,11 | 2,500/- |
| മുത്തൂറ്റ് ഫിനാൻസ്, ഉദിയൻകുളങ്ങര | സ്ഥാപനനികുതി | 1,11 | 2,500/- |
| സൗത്ത് ഇന്ത്യൻ ബാങ്ക് ലിമി., ഉദിയൻകുളങ്ങര | സ്ഥാപനനികുതി | 1,11 | 2,500/- |
| എം.എൻ.ആർ.ഇ.ജി.എസ്. | ജീവനക്കാരുടെ തൊഴിൽ നികുതി | 11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| ആംബുലൻസ് ഡ്രൈവർ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| പി.എച്ച്.സി. യിലെ താത്ക്കാലിക ജീവനക്കാർ | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| പൂർണ്ണ ഏജൻസി, ഉദിയൻകുളങ്ങര | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| സ്കൈ വിഷൻ നെറ്റ് വർക്ക്, ഉദിയൻകുളങ്ങര | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| ശങ്കേഴ്സ് ഹോസ്പിറ്റൽ, വട്ടവിള | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| ആർ.സി.എൽ.പി.എസ്. ഉദിയൻകുളങ്ങര | ജീവനക്കാരുടെ തൊഴിൽ നികുതി | 1,11 | തൊഴിലുടമയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം |
| ദേവനന്ദ കല്യാണമണ്ഡപം | സ്ഥാപനനികുതി | 1,11 | 2,500/- |
| എം.എം.എ കല്യാണമണ്ഡപം | സ്ഥാപനനികുതി | 1,11 | 2,500/- |
| പൂർണ്ണ കല്യാണമണ്ഡപം | സ്ഥാപനനികുതി | 1,11 | 2,500/- |

സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. വരുമാന സ്രോതസ്സ് എന്ന നിലയിൽ തൊഴിൽ നികുതി ഇനത്തിലെ വരവ് പൂർണമായും ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്ഥാപനാധികാരികൾ കൈക്കൊള്ളേണ്ടതാണ്.

**<u>ബി) ജീവനക്കാർക്ക് തൊഴിൽ നികുതി ഇളവ് നൽകിയതിനാധാരമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.</u>**

ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധ വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന ജീവനക്കാർക്ക് തൊഴിൽ നികുതി ഇളവ് നൽകിയിട്ടുണ്ട്.എന്നാൽ ഇളവ് നൽകിയതിന് ആധാരമായ രേഖകൾ പത്രികയോടൊപ്പം സമർപ്പിച്ചിട്ടില്ല.

| ജീവനക്കാരുടെ പേര് | സ്ഥാപനം | അർദ്ധ വർഷം | ഒടുക്കേണ്ട തൊഴിൽ നികുതി | ഇളവ് ക്ലെയിം ചെയ്ത മാനദണ്ഡം |
|---|---|---|---|---|
| ശ്രീ. വിജയകുമാർ സി.ആർ. | എസ്.ബി.ഐ. ഉദിയൻകുളങ്ങര | 1, 2 | 1250x2 | വിമുക്ത ഭടൻ |
| ശ്രീ. സുരേഷ് കുമാർ എസ്. | എസ്.ബി.ഐ. ഉദിയൻകുളങ്ങര | 1, 2 | 1250x2 | വിമുക്ത ഭടൻ |
| ശ്രീമതി. സീത റ്റി. | സബ് രജിസ്ട്രാർ ഓഫീസ്, അമരവിള | 1, 2 | 1250x2 | ഭിന്നശേഷി |
| ശ്രീമതി. സിൽവ എസ്. | ആറയൂർ സർവീസ് സഹകരണ ബാങ്ക് | 1, 2 | 1250x2 | ഭിന്നശേഷി |

നികുതി ഇളവ് നൽകുമ്പോൾ അനുബന്ധമായ രേഖകൾ കൂടിപത്രികയോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

**സി) <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് |
|---|---|
| 1 | ശ്രീ. എൻ. വിജയരാജ് |
| 2 | ശ്രീ. അജിത് എസ്. റ്റി. |
| 3 | ശ്രീ. സുരേന്ദ്രൻ |
| 4 | ശ്രീ. വിനോദ് കുമാർ |
| 5 | ശ്രീ. ഋഷികേശൻ നായർ |
| 6 | ശ്രീ. അലോഷ്യസ് |

തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/.09.2019) ലഭ്യമാക്കിയ മറുപടി അപൂർണ്ണവും, ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതുമാണ്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

തൊഴിൽ നികുതിയിനത്തിൽ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായി ഈടാക്കുന്നതിന് സ്ഥാപനാധികാരി ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

# 1-16 പഞ്ചായത്ത് ഹാൾ വാടക വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

വാർഷിക കണക്കുകൾ പ്രകാരം പഞ്ചായത്ത് ഹാളിൽ നിന്നും ഗ്രാമപഞ്ചായത്തിനു 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ച വാടക വരുമാനം 2,400/- രൂപ മാത്രമാണ്. ഗ്രാമപഞ്ചായത്തിന്റെ ഹാളിന്റെ സമീപത്തുണ്ടായിരുന്ന വനിതാ വിപണന കേന്ദ്രത്തിന്റെ മുറികൾ കൂടി ചേർത്ത് പുതുക്കി പണിയുകയും, ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടത്തിയിട്ടുള്ളതുമാണ്. പഞ്ചായത്ത് ഹാൾ നവീകരണത്തിനും പ്രവർത്തന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കുമായി മുൻ വർഷങ്ങളിൽ നടപ്പാക്കിയ ഏതാനും പദ്ധതികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | പദ്ധതിയുടെ പേര്, നം | ചെലവു തുക | ഫണ്ടിനം |
|---|---|---|---|
| 2017-18 | വനിതാ വിപണന കേന്ദ്രം നവീകരണം | 7,14,048/- | ധനകാര്യ കമ്മീഷൻ അവാർഡ് |
| 2017-18 | പഞ്ചായത്ത് മിനി ഓഡിറ്റോറിയത്തിൽ വിവാഹ സൗകര്യം ഒരുക്കൽ, 49/18 | 2,05,460/-<br>2,93,498/- | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | | | തനതു ഫണ്ട് |
| 2017-18 | വനിതാ വിപണന കേന്ദ്രം കിച്ചൺ നിർമ്മാണം, 99/18 | 4,74,117/- | തനതു ഫണ്ട് |
| 2017-18 | പഞ്ചായത്തു കല്യാണ മണ്ഡപത്തിനു പാത്രങ്ങളും അനുബന്ധ സാധനങ്ങളും വാങ്ങൽ, 151/18 | 3,99,672/- | തനതു ഫണ്ട് |
| 2018-19 | പഞ്ചായത്തു കല്യാണ മണ്ഡപം ടോയ് ലറ്റ്, 262/19 | 2,70,056/- | ധനകാര്യ കമ്മിഷൻ അവാർഡ് |
| 2018-19 | പഞ്ചായത്തു കല്യാണ മണ്ഡപം വൈദ്യുതീകരണം, 277/19 | 4,53,818/- | മെയി. റോഡിതരം |
| 2018-19 | പഞ്ചായത്തു കല്യാണ മണ്ഡപത്തിനു ഫർണിച്ചർ വാങ്ങൽ | 50,000/-<br>3,50,000/- | ധനകാര്യ കമ്മിഷൻ അവാർഡ്<br>തനതു ഫണ്ട് |
| **ആകെ** | | **32,10,669/-** | |

ഭീമമായ തുക ചെലവു ചെയ്തു വിവിധ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടും ഹാളിന്റെ വാടക വർദ്ധിപ്പിക്കുന്നതിനും, നടത്തിപ്പിനും സംരക്ഷണത്തിനുമായി ബൈലോ തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണ സമിതിയോ നടപടികൾ സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റോറിയം ബുക്കിംഗ് രജിസ്റ്റർ അപൂർണമായി സൂക്ഷിച്ചിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.43/26.09.2019) മറുപടി ലഭ്യമായില്ല.

പഞ്ചായത്തു ഹാൾ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കേണ്ടതും, ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്തു ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-17 ലേല രേഖകൾ സൂക്ഷിച്ചിട്ടില്ല

വാർഷിക കണക്കുകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന് മണൽ ലേലം ഇനത്തിൽ 14,300/- രൂപയും, സ്ക്രാപ് വിറ്റുവരവിനത്തിൽ 3,000/- രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ ലേല രജിസ്റ്ററിൽ മണൽ ലേലം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല; ഈയിനത്തിന്റെ ലേല ഡയറിയും സൂക്ഷിച്ചിട്ടില്ല. സ്ക്രാപ് വിറ്റുവരവിനത്തിൽ രജിസ്റ്റർ പ്രകാരം 3,500/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ ലേലം ചെയ്ത സാധന സാമഗ്രികൾ ഏതെല്ലാമാണെന്നു വ്യക്തമല്ല. ലേലം ചെയ്യേണ്ട സാധനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്ന സ്ക്രാപ് രജിസ്റ്ററും സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.43/26.09.2019) മറുപടി ലഭ്യമാക്കിയില്ല.

ലേല രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ യഥാവിധി സൂക്ഷിക്കേണ്ടതാണ്.

# 1-18 കരാറുകൾ ചമക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ സേതു ലക്ഷ്മിപുരം പബ്ലിക് മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവ യഥാക്രമം 7,75,000/- രൂപയ്ക്കും, 35,000/- രൂപയ്ക്കുമാണ് 2018-19 സാമ്പത്തിക വർഷത്തിൽ ലേലം അനുവദിച്ചത്. നിയമപരമായ കരാറിലേർപ്പെടാതെയാണ് മാർക്കറ്റ്, കംഫർട്ട് സ്റ്റേഷൻ എന്നിവ ലേലം കൈപ്പറ്റിയ വ്യക്തിക്കു ഗ്രാമപഞ്ചായത്തു വിട്ടു കൊടുത്തിട്ടുള്ളത്. ലേലം കൊണ്ട വ്യക്തിക്ക് മാർക്കറ്റിൽ എത്തുന്നവരിൽ നിന്നും ഈടാക്കാവുന്ന ഫീസ് സംബന്ധിച്ച് യാതൊരു നിർദ്ദേശവും ഗ്രാമപഞ്ചായത്ത് നൽകിയിട്ടില്ല.

മാർക്കറ്റുകൾ ലേലം ചെയ്തു നൽകുമ്പോൾ, ലേലക്കാരൻ വീഴ്ച വരുത്തുന്ന പക്ഷം നഷ്ടം ഈടാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തിനെ സഹായിക്കുന്ന വ്യവസ്ഥകളും, 1996 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമാർക്കറ്റുകളുടെയും സ്വകാര്യ മാർക്കറ്റുകളുടെയും നിയന്ത്രണവും ലൈസൻസ് നൽകലും)

ചട്ടങ്ങളിലെ വ്യവസ്ഥകളുൾപ്പെടുത്തി വ്യക്തമായ കരാർ ലേലക്കാരനുമായി സ്ഥാപിക്കേണ്ടതും, ഗ്രാമപഞ്ചായത്തിന്റെയും പൊതു ജനങ്ങളുടെയും താത്പര്യങ്ങൾ സംരക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-19 കെട്ടിടങ്ങൾ വാടകക്കു നൽകൽ - നടപടിക്രമങ്ങളിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് രജിസ്റ്റർ അപൂർണ്ണവും, കെട്ടിട നം, കെട്ടിടത്തിന്റെ വിസ്തീർണ്ണം, വാടക തുക, എന്നു മുതൽ എത്ര കാലത്തേക്ക് വാടകയ്ക്കു നൽകിയിരിക്കുന്നു തുടങ്ങിയ രേഖപ്പെടുത്തലുകളൊന്നും ഇല്ലാത്തതുമാണ്. തൻ വർഷം ഒടുക്കിയ വാടക തുകയുടെ വിവരം മാത്രമാണ് പ്രസ്തുത രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നത്.

പ്രസ്തുത രജിസ്റ്റർ പ്രകാരം 29 കടമുറികളും, വനിതാ വിപണന കേന്ദ്രത്തിലെ രണ്ടു വിപണന യൂണിറ്റുകളും വാടകക്കു നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്ഥാപനത്തിന്റെ മറ്റൊരു കെട്ടിടത്തിൽ കെ.എസ്.ഇ.ബി.യുടെ എഞ്ചിനീയറുടെ ഓഫീസും വാടകയ്ക്കു പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്റർ പരിശോധനയിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ ഇപ്രകാരമാണ്.

എ) വാടകക്കു നൽകിയ 29 കടമുറികളിൽ 19 എണ്ണത്തിൽ നിന്നും വാടക ലഭിക്കുവാനുണ്ട്. ഇതിൽ 8 എണ്ണത്തിന്റെ കൈവശക്കാരുമായി കേസ് നിലനിൽക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേസിന്റെ വിശദാംശങ്ങൾ, കേസുകളിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്നിവയൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഫയലുകളും പരിശോധനക്കു ലഭ്യമാക്കിയില്ല. ദേശീയപാതയോടു ചേർന്നുള്ള കെട്ടിടങ്ങൾക്ക് 550/-, 880/- തുടങ്ങിയ നിരക്കുകളിലാണ് വാടക ഈടാക്കിയിരിക്കുന്നത്.

ബി) കെ.എസ്.ഇ.ബി. വാടകയ്ക്കു പ്രവർത്തിക്കുന്ന രണ്ടു നിലകളുള്ള കെട്ടിടത്തിനു പ്രതിമാസം 3,000/- രൂപ മാത്രമാണ് വാടക ഈടാക്കിയിരിക്കുന്നത് (2017-18 ൽ). 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനം വാടക ഒടുക്കിയിട്ടില്ല.

കെട്ടിടം വാടകക്കെടുത്തിട്ടുള്ളവരുടെ വിശദാംശങ്ങൾ, വാടകക്കാർ തദ്ദേശ സ്ഥാപനവുമായി ചമച്ചിട്ടുള്ള കരാറുകൾ, കെട്ടിടങ്ങളുടെ വാടക നിർണ്ണയിച്ചതിന്റെ മാനദണ്ഡം എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനു (നം.43/26.09.2019) മറുപടി ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്കെടുത്തിട്ടുള്ള വ്യക്തികളുമായി വാടക നിരക്ക്, വാടക കാലയളവ്, വാടക ഒടുക്കുന്നത്, പിഴ/നഷ്ടം ഈടാക്കുന്നത് എന്നിവ സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകളുൾപ്പെടുത്തി കരാർ ചമക്കേണ്ടതും, വാടക കുടിശ്ശിക വരുത്തിയിട്ടുള്ള വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇതുമായി ബന്ധപ്പെട്ട കേസ് ഫയലുകൾ പരിശോധിച്ച് തദ്ദേശ സ്ഥാപനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കടമുറികളുടെ ഫെയർ റെന്റ് പി.ഡബ്ല്യു.ഡി.യെക്കൊണ്ട് നിർണ്ണയിക്കാവുന്നതും, അതിന്റെയടിസ്ഥാനത്തിൽ അടിസ്ഥാന വാടക നിർണ്ണയിച്ച് ലേലനടപടികൾ സ്വീകരിച്ച് ഭാവിയിൽ ഷോപ്പുകൾ/കെട്ടിടങ്ങൾ വാടകയ്ക്കു നൽകാവുന്നതുമാണ്. നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-20 ഇ-ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

ഇ- ടെൻഡർ മുഖേന നടപ്പാക്കിയ പദ്ധതികളുടെ ടെൻഡർ ഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളത് നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.

| പദ്ധതിയുടെ പേര്, നം. | അടങ്കൽ തുക | ടെണ്ടർ ഫോറം വില | ലഭിച്ച ടെണ്ടറു | ആകെ തുക |
|---|---|---|---|---|

| | | | കളുടെ എണ്ണം | |
|---|---|---|---|---|
| പഞ്ചായത്ത് വിപണനകേന്ദ്രം വൈദ്യുതീകരണം. 306/18-19 | 5,00,000/- | 1,200/- | 2 | 2,400/- |
| പുളികണ്ടൻ ശാസ്താ റോഡ് റീടാറിംഗ്158/18-19 | 8,00,000/- | 1,900/- | 2 | 3,800/- |
| നെൽക്കുത്ത് യൂണിറ്റ് കുടുംബശ്രീ94/18-19 | 11,00,000/- | 2,600/- | 2 | 5,200/- |
| മര്യാപുരം ചാനൽ പാലം നിർമ്മാണം115/18-19 | 6,00,000/- | 1,420/- | 2 | 2,840/- |
| മെറ്റീരിയൽ കണക്ഷൻ സെന്റർ336/18-19 | 10,50,000/- | 2,480/- | 2 | 4,960/- |
| ആകെ | 19,200/- | | | |

ടെൻഡർ ഫോറം വിലയിനത്തിൽ ലഭിക്കുവാനുള്ള 19,200/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 ബജറ്റ് രൂപീകരണം -നടപടി ക്രമം പാലിച്ചില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, അതിൻപ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 31.01.2018 ൽ |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | വി.ഇ.ഒ., എ.ഇ., സെക്രട്ടറി എന്നിവർ മാത്രമാണ് നൽകിയിട്ടുള്ളത്. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് ചർച്ച നടത്തിയിട്ടില്ല.<br>വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 07.03.2018ൽ ബജറ്റ് ചർച്ച ചെയ്തതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 16.03.2018 ൽ |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 13.03.2018 ൽ |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് | മാർച്ച് 1-ന് മുൻപ് | 16.03.2018 ൽ |

| | | | |
|---|---|---|---|
| | ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | | |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 20.03.2018 ൽ |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.03.2018 ൽ |

ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിലും, സമയബന്ധിതമായി നടപടികൾ പൂർത്തീകരിക്കുന്നതിലും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

**(എ) <u>വരുമാനം - ബജറ്റ് ലക്ഷ്യം കൈവരിച്ചില്ല</u>**

ബജറ്റ് പ്രകാരമുള്ള പലവരവുകളും യഥാർത്ഥ വരവുമായി ഗണ്യമായ അന്തരം നിലനിൽക്കുന്നു. ഉദാഹരണങ്ങൾ

| ഇനം | 2018-19 ബജറ്റ് തുക | 2018-19 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് |
|---|---|---|
| പരസ്യ നികുതി | 2,00,000/- | - |
| പ്രദർശന നികുതി | 2,00,000/- | - |
| സ്ഥലം, കെട്ടിടം എന്നിവയിൽ നിന്നുള്ള വാടക | 7,00,000/- | 2,08,870/- |
| ഓഡിറ്റോറിയം വാടക | 2,00,000/- | 2,400/- |
| പെർമിറ്റ് ഫീസ് | 7,00,000/- | 2,11,085/- |

ബജറ്റ് വരവുകൾ തയ്യാറാക്കുമ്പോൾ മുൻവർഷ വരവുകൾ കൂടി പരിഗണിച്ച് യാഥാർത്ഥ്യ ബോധത്തോടുകൂടി വരവുകൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**(ബി) <u>ബജറ്റിൽ വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നില്ല.</u>**

താഴെപ്പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതിരിക്കുകയോ കുറഞ്ഞ തുക ചെലവഴിക്കുകയോ ചെയ്തിട്ടുണ്ട്.

| ശീർഷകം | ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---|---|---|
| 2201101 | ഓഫീസ് ചെലവുകൾ | 7,50,000/- | 2,74,711/- |
| 2503001 | ചെറുകിട വ്യവസായങ്ങൾ സൂക്ഷ്മ സംരംഭങ്ങൾ | 5,00,000/- | - |
| 2503003 | കൈത്തറി വ്യവസായം | 2,00,000/- | - |
| 2503011 | സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ പരിപാടി | 10,00,000/- | - |

2018-19 വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം ഗ്രാമപഞ്ചായത്ത് 2018 ഫെബ്രുവരിക്കു മുൻപായി നൽകേണ്ടിയിരുന്നു. അംഗീകരിക്കപ്പെട്ട പദ്ധികൾക്കായി വകയിരുത്തിയ തുക കൂടി ഉൾപ്പെടുത്തിയാണ് ബജറ്റ് ചെലവു തയ്യാറാക്കേണ്ടത്. ബന്ധപ്പെട്ട ഹെഡുകളിൽ പദ്ധതികൾ ഒന്നും തന്നെ ഇല്ലാതിരുന്നിട്ടും ബജറ്റിൽ തുക വകയിരുത്തിയത് നടപടിക്രമങ്ങളിലെ അപാകതയായി വിലയിരുത്തുന്നു.

**(സി) <u>വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു</u>**

വിവിധ ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2018-19 ബജറ്റിൽ വകയിരുത്തിയ തുക | 2018-19 വാർഷിക കണക്കുകൾ പ്രകാരം ചെലവു ചെയ്ത തുക |
|---|---:|---:|
| വാടക | 3,00,000/- | 3,17,520/- |
| പ്രിന്റിംഗ് ആന്റ് സ്റ്റേഷണറി | 2,00,000/- | 2,56,732/- |
| മറ്റു ഭരണചെലവുകൾ | 4,00,000/- | 4,92,783/- |
| മൃഗ സംരക്ഷണം, ക്ഷീരവികസനം | 24,00,000/- | 38,01,421/- |
| ഭവന നിർമ്മാണം | 58,12,800/- | 1,85,06,973/- |

കേരളാ പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് **214 (8)** പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്തി വെക്കാൻ പാടുള്ളതല്ല. ബജറ്റിൽ വകയിരുത്തിയതിലും അധികമായി ചെലവു ചെയ്തതിന് അടിസ്ഥാനമാക്കിയ അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്. അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-22 സംയുക്ത പദ്ധതികളുടെ തുക നിക്ഷേപം- സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (പി) നം.7/2017/ഫിൻ തീയതി 23.1.2017 പ്രകാരം സംയുക്ത പദ്ധതികൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം നിക്ഷേപിക്കുന്നതിലേക്കായി പ്രത്യേക STSB അക്കൗണ്ട് തുടങ്ങേണ്ടതും സാമ്പത്തിക വർഷാവസാനം ബാക്കിയുള്ള തുകകൾ അതാത് സ്ഥാപനത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്. എന്നാൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. 2018-19 വർഷത്തെ വിവിധ പദ്ധതികൾക്കായുള്ള ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും ഉള്ള വിവിധ ചെലവുകൾക്കായി പ്രസ്തുത തുകകൾ താല്കാലികമായി പിൻവലിക്കേണ്ടി വന്നതിന്റെ അടിസ്ഥാനത്തിലാണ് തനത് ഫണ്ട് അക്കൗണ്ട് നെഗറ്റീവ് ബാലൻസായി തുടരുന്ന അവസ്ഥ വന്നത്. കൃഷി ഓഫീസറുടെ പദ്ധതികൾക്കായി ബ്ലോക്ക് / ജില്ലാ വിഹിതമായി ലഭിച്ച തുകകൾ തനത് ഫണ്ടിൽ ബാലൻസ് കുറവായതു കാരണം സാമ്പത്തിക വർഷം കഴിഞ്ഞ് മാത്രമാണ് ട്രഷറിയിൽ നിന്നും മാറിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ട്രഷറിയിൽ നിന്നും ഒരു STSB അക്കൗണ്ട് മാത്രമേ അനുവദിക്കൂ എന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ മേലുത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ട്രഷറി അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി ലഭിച്ചിട്ടുള്ളതാണ്. ആയതുകൊണ്ട് ഈ മറുപടി അംഗീകരിക്കുന്നില്ല.

ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പൊതു ഭരണം-കണക്കുകൾ സൂക്ഷിക്കൽ വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടലുകൾ ഉണ്ടാകേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം നിക്ഷേപിക്കുന്നതിലേക്കായി പ്രത്യേക STSB അക്കൗണ്ട് തുടങ്ങി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഉദ്ഘാടനങ്ങൾക്ക് പരിധിയിലധികം തുക ചെലവ് ചെയ്തു

സ.ഉ.(സാധാ) നം.3866/2015/തസ്വഭവ തീയതി 28.12.2015 പ്രകാരം മന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളുടെ ഉദ്ഘാടനങ്ങൾക്കായി 25,000/- രൂപയും മറ്റു ഉദ്ഘാടനങ്ങൾക്കു 10,000/- രൂപയും പരമാവധി ചെലവു ചെയ്യാവുന്നതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിലൂടെ തൻ വർഷം ഗ്രാമപഞ്ചായത്തിനു 36,380/- രൂപയുടെ അധിക ചെലവുണ്ടായി. ഈ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-24 വിദ്യാർത്ഥികളുടെ സ്കൂൾ യാത്രയ്ക്കായി തനതു ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നു.

ചെങ്കൽ ജി.എൽ.പി.ബി.എസ്, ജി.എൽ.പി.ജി.എസ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 1,500/- രൂപ ദിവസവാടക നിരക്കിൽ വാഹന സൗകര്യം ഏർപ്പെടുത്തിയതിന് 2,45,000/- രൂപ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വിനിയോഗിച്ചിരിക്കുന്നു.

| മാസം | പ്രവൃത്തി ദിനങ്ങൾ | അനുവദിച്ച തുക | ചെക്ക് നം/ തീയതി |
|---|---|---|---|
| മാർച്ച് | 20 | 20,000/- | 14307/12.07.2018 |
| ജൂൺ | 20 | 30,000/- | 0498402/21.08.2018 |
| ജൂലൈ | 21 | 31,500/- | 2314312/14.09.2018 |
| ആഗസ്റ്റ് | 12 | 18,000/- | 2314321/20.10.2018 |
| സെപ്റ്റംബർ | 19 | 28,500/- | 2314351/21.11.2018 |
| ഒക്ടോബർ | 21 | 31,500/- | 2314373/15.12.2018 |
| നവംബർ | 22 | 33,000/- | 2314396/15.12.2018 |
| ഡിസംബർ | 14 | 21,000/- | 016464/16.12.2019 |
| ജനുവരി | 21 | 31,500/- | 017063/28.02.2019 |
| **ആകെ** | | **2,45,000/-** | |

സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരം എം.പി.എൽ.എ.ഡി, എം.എൽ.എ. ഫണ്ട് എന്നിവ പ്രകാരം ലഭിക്കുന്ന സ്കൂൾ ബസ്സുകളുടെ ഡ്രൈവറുടെ ശമ്പളം, ഇന്ധനചെലവ്, മറ്റു ആവർത്തന ചെലവുകൾ എന്നിവയ്ക്ക് പോലും തദ്ദേശ സ്ഥാപനം തുക ചെലവു ചെയ്യുവാൻ പാടില്ലായെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/23.09.2019) ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല.

കൈമാറി കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആസ്തികളുടെ സംരക്ഷണച്ചുമതലയാണ് തദ്ദേശ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതു പോലുള്ള ആവർത്തന ചെലവുകൾ തനതു ഫണ്ടുപയോഗിച്ച് നിർവഹിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഭാവിയിൽ ഇത്തരം ചെലവുകൾ സർക്കാർ അനുമതിയോടു കൂടി മാത്രം നടത്തേണ്ടതാണ്.

## 1-25 ചെലവു വൗച്ചറുകൾ ആധികാരികമല്ല

വിവിധ ചെലവുകളുമായി ബന്ധപ്പെട്ട ചെലവു രേഖകൾ, കൈപ്പറ്റ് എന്നിവ ഗ്രാമപഞ്ചായത്ത് യഥാവിധി സൂക്ഷിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ.

| ക്രമ നം | ചെക്ക് നം, തീയതി | തുക | ചെലവ് വിവരം | ലഭ്യമല്ലാത്ത രേഖകൾ |
|---|---|---|---|---|
| 1 | 14583/24.5.18 | 1000 | ഗ്രാമസഭാ നടത്തിപ്പ് | കൈപ്പറ്റ്, ചെലവു വൗച്ചറുകൾ |
| 2 | 14587/24.5.18 | 1000 | ഗ്രാമസഭാ നടത്തിപ്പ് | കൈപ്പറ്റ്, ചെലവു വൗച്ചറുകൾ |
| 3 | 14582/24.5.18 | 1000 | ഗ്രാമസഭാ നടത്തിപ്പ് | ചെലവു വൗച്ചറുകൾ |
| 4 | 14596/29.5.18 | 1452 | എം.എൻ.ആർ.ഇ.ജി.എസ് ടെലഫോൺ ബിൽ | കൈപ്പറ്റ്, ചെലവു വൗച്ചറുകൾ |
| 5 | 14755/31.5.18 | 10000 | ബഡ്സ് സ്കൂൾ ഉത്ഘാടനം | കൈപ്പറ്റ്, ചെലവു വൗച്ചറുകൾ |
| 6 | 14597/29.5.18 | 15000 | കരാട്ടേ പരിപാടി സംഘാടനം ജില്ലാ പഞ്ചായത്തിനു നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

ചെലവു വൗച്ചറുകൾക്കൊപ്പം അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതു ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/20.09.2019) ലഭ്യമാക്കിയ മറുപടി അപൂർണ്ണമാണ്. ചെലവു വൗച്ചറുകൾ അനുബന്ധ രേഖകൾ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതും, ഓഡിറ്റിനു വിധേയമാക്കി ചെലവുകൾ ആധികാരികമാക്കേണ്ടതുമാണ്.

# 1-26 പഞ്ചായത്തു ദിനാഘോഷം ചെലവു രേഖകൾ ലഭ്യമല്ല

05.02.2019 ലെ ട്രഷറി ചെക്ക് നം.2307523 പ്രകാരം വിവിധ ആവശ്യങ്ങൾക്കായി 2,04,437/- രൂപ പിൻവലിച്ചിട്ടുണ്ട്. ഇതിൽ 1,80,437/- രൂപയുടെ ട്രഷറി ചലാനുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 24,000/- രൂപയുടെ ചെലവു രേഖകൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/20.09.2019) പ്രസ്തുത ചെലവ് പഞ്ചായത്ത് ദിനാഘോഷത്തിലേക്കായി വൗച്ചർ നം.21801123 തീയതി 05.02.2018 പ്രകാരം ചെലവു ചെയ്തതാണെന്നു മറുപടി ലഭ്യമാക്കി. എന്നാൽ ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.01.2019ലെ ബി4-110/16 കത്ത് പ്രകാരം പഞ്ചായത്ത് ദിനാഘോഷത്തിലേക്കുള്ള 15,000/- രൂപ NEFT ട്രാൻസ്ഫർ മുഖേന മാത്രം ഒടുക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. അപ്രകാരം തുക കൈമാറിയതിനുള്ള രേഖകൾ, പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവയും, മറ്റു ചെലവുകൾക്കായി ഇതൊടൊപ്പം അനുവദിച്ച 9,000/- രൂപയുടെ ചെലവു രേഖകളും ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.42/26.09.2019) മറുപടി ലഭ്യമാക്കിയില്ല. മറുപടി/രേഖകളുടെ അഭാവത്തിൽ 24,000/- രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു. രണ്ടുമാസത്തിനകം രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാത്ത പക്ഷം പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

# 1-27 പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും ഡെസ്ക് ടോപ്പും വാങ്ങൽ- അപാകതകൾ

പ്രോജക്റ്റ് നമ്പർ -324/19

പദ്ധതി അടങ്കൽ -3,71,700/-

പദ്ധതി ചെലവ് -3,71,700/-

പദ്ധതി നമ്പർ 324/19 പ്രകാരം 3,71,700/- രൂപ ചെലവഴിച്ച് പഞ്ചായത്ത് ഓഫീസിലേയ്ക്ക് 11 കമ്പ്യൂട്ടറുകളും (Assembled), ഒരു ഫോട്ടോ കോപ്പിയറും വാങ്ങി 2018-19 ലെ സ്റ്റോക്ക് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ 2017-18 വരെയുള്ള സ്റ്റോക്ക് വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 മുതൽ സ്റ്റോക്ക് ഫയൽ വിവരങ്ങൾ രേഖപ്പെടുത്തി ഫയൽ സൂക്ഷിക്കുന്നുണ്ട്. 2017-18 ലെ സ്റ്റോക്ക് പ്രകാരം 14 കമ്പ്യൂട്ടറുകൾ സ്റ്റോക്കിൽ ഉണ്ടായിരിക്കെ പ്രസ്തുത കമ്പ്യൂട്ടറുകൾ എന്താവശ്യത്തിലേക്കാണ് വാങ്ങിയത് എന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2018-19 ലഭ്യമാക്കിയ സ്റ്റോക്ക് ഫയൽ പ്രകാരം 17 കമ്പ്യൂട്ടറുകളുടെ വിവരമാണ് നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. ബാക്കിയുള്ള 8 എണ്ണത്തിൽ ചില കമ്പ്യൂട്ടർ/കമ്പ്യൂട്ടർ ഭാഗങ്ങൾ താഴെ പറയും പ്രകാരം കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതായി സ്റ്റോക്കിൽ (2017-18)രേഖപ്പെടുത്തിയിരിക്കുന്നു.

| സ്ഥാപനം | വിതരണം ചെയ്തത് |
|---|---|
| MGNREGS | 2 മോണിറ്റർ |
| Asst. Engineer office | 1 കമ്പ്യൂട്ടർ |
| അഗ്രി കൾച്ചറൽ ഓഫീസ് | 1 CPU |

ബാക്കിയുള്ളവ റെക്കോർഡ് റൂമിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. കമ്പ്യൂട്ടർ/കമ്പ്യൂട്ടർ ഭാഗങ്ങൾ ആവശ്യമാണെന്ന കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അപേക്ഷകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. റെക്കോർഡ് റൂമിൽ ഉപയോഗിക്കാതെ കിടക്കുന്ന കമ്പ്യൂട്ടറുകൾ ഉപയോഗ ശൂന്യമാണെന്ന് തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി 47). വാങ്ങുന്ന ഉപകരണങ്ങളുടെ കൃത്യമായ ആവശ്യകത നിർണയിക്കാതെ 11 കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നു.
പുതുതായി വാങ്ങിയ കമ്പ്യൂട്ടറുകളുടെ ഭൗതിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പുതുതായി വാങ്ങിയ 11 കമ്പ്യൂട്ടറുകളിൽ കമ്പ്യൂട്ടറിന്റെ CPU യിൽ സീരിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ലായെന്ന് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ താഴെ പറയുന്ന കമ്പ്യൂട്ടർ ഭാഗങ്ങൾ സ്റ്റോക്കിൽ കണ്ടെത്താനായിട്ടില്ല.

| ഉപകരണം | എണ്ണം |
|---|---|
| Key Board | 3 |
| Mouse | 3 |
| Moniter | 1 |

ഇവ കേടായതായി അറിയിച്ചിട്ടുണ്ട്. സ്ഥാപനവുമായി 3 വർഷത്തെ വാറന്റി എഗ്രിമെന്റിൽ പറയുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ആയത് പ്രവർത്തന ക്ഷമമാക്കുന്നതിനോ മാറ്റി വാങ്ങുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.

ആവശ്യകതയ്ക്ക് അനുസരിച്ച് മാത്രം ഉപകരണങ്ങൾ വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതും ഉപയോഗശൂന്യമായവ ലേലം ചെയ്യുന്നതിന് നടപടിസ്വീകരിക്കേണ്ടതുമാണ്. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ അപേക്ഷയ്ക്കനുസൃതമായി മാത്രം കമ്പ്യൂട്ടറുകൾ നൽകേണ്ടതാണ്. കേടായ ഉപകരണങ്ങൾ വാറന്റി കാലാവധിക്ക് മുൻപ് തന്നെ പ്രവർത്തനക്ഷമമാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-28 ഉദിയൻകുളങ്ങര ജംഗ്ഷനിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ

പദ്ധതി -325/18 ഉദിയൻകുളങ്ങര ജംഗ്ഷനിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കൽ

അടങ്കൽ തുക-50,000/-

ചെലവ് -50,000/-

ബിൽ നമ്പർ-20/18-19 (bill ref no18020552093300835458) തീയതി 28.11.18

സെക്രട്ടറി നേരിട്ട് നിർവ്വഹണം നടത്തുന്നതിലേക്കായി രൂപീകരിച്ച പ്രസ്തുത പദ്ധതിക്കായി 50,000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. 15.11.2018 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 3(16) ന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയായ 50,000/-രൂപ ബിൽ നമ്പർ പ്രകാരം മാറി പാറശ്ശാല സി.സി.റ്റി.വി. ഇൻസ്റ്റലേഷൻ കമ്മിറ്റിയുടെ പാറശ്ശാല എസ്.ബി.ഐ അക്കൗണ്ടിൽ സംഭാവനയായി നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2,00,000/- രൂപ ചെലവിൽ ഉദിയൻകുളങ്ങര ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിനായാണ് സംഭാവന ഇനത്തിൽ തുക നൽകിയിട്ടുള്ളത് .

ആയതിന്റെ അടിസ്ഥാനത്തിൽ ഉദയൻകുളങ്ങര ജംഗ്ഷനിൽ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി തുക ചെലവഴിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വികസന ഫണ്ടിൽ നിന്നും പദ്ധതി നിർവ്വഹണത്തിനായുള്ള തുക വകമാറ്റി സംഭാവനയായി നൽകിയിരിക്കുന്നു. സെക്രട്ടറിയുടെ നേരിട്ടുള്ള നിർവ്വഹണത്തിൽ നിന്നും വ്യതിചലിച്ച് തുക സംഭാവനയായി നൽകിയതിന് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടില്ല.

2നിരീക്ഷണക്യാമറകൾ സ്ഥാപിച്ച സ്ഥലങ്ങൾ, ഡാറ്റാ ബാക്ക് അപ് അവകാശം എന്നിവ സംബന്ധിച വിവരങ്ങൾ ഫയലിലില്ല. പദ്ധതി തുക കൈമാറുന്നതിന് മുൻപായി സ്ഥാപനം/ സംഘാടന സമിതിയുമായി കരാറിലേർപ്പെട്ടിട്ടില്ല.

3. പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള സിസിടിവിയിൽ മൂന്ന് ക്യാമറകൾ പ്രവർത്തനരഹിതമായിട്ടുണ്ട്. പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ മെയിന്റനൻസ്, പരിപാലന പ്രവർത്തികൾ എന്നിവക്കായി കരാറിലേർപ്പെട്ടിട്ടില്ല. പ്രവർത്തന രഹിതമായ ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം ഡി.പി.സി അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ആ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന് കീഴിലുള്ള പൊതുഭരണം കണക്കുകൾ സൂക്ഷിക്കൽ വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-29 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

2018-19 ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ് തെരുവുവിളക്ക്-പരിപാലനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. Project no.52/19 5-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ്

2.project no.197/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

3. project no.198/19 3,18,19,20 വാർഡുകളിൽ പോസ്റ്റ് മാറ്റലും 12,18,19,20 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും

4. Project no.221/19 പെരുന്തറകുളം താഴത്തുവിള റോഡ് ലൈൻ എക്സ്റ്റൻഷൻ

എന്നാൽ പഞ്ചായത്തിലെ ഓരോ വാർഡുകളിലെയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത്, ലൈൻ എക്സ്റ്റൻഷൻ ആവശ്യമായവ, പോസ്റ്റ് ഷിഫ്റ്റിംഗ് ആവശ്യമായവ എന്നിങ്ങനെയുള്ള അവശ്യ വിവരങ്ങൾ തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല. പഞ്ചായത്തിൽ മൂന്ന് ഇലക്ട്രിക്കൽ ഡിവിഷനുകൾ ഉണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, മെയിന്റനൻസ് ആവശ്യമായത്, ലൈൻ എക്സ്റ്റൻഷൻ ആവശ്യമായവ, പോസ്റ്റ് ഷിഫ്റ്റിംഗ് ആവശ്യമായവ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് പരിശോധന നടത്തിയിട്ടില്ല. വാർഡ് മെമ്പർമാരുടെ കത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതി രൂപീകരണം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള `പൊതുമരാമത്ത് `വർക്കിംഗ് ഗ്രൂപ്പ് ചർച്ചയിൽ പരാമർശിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 34ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 9 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തെരുവിളക്കുകളുടെ സംയുക്ത പരിശോധന ഒക്ടോബറിൽ നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പദ്ധതികളിൽ താഴെ പറയും പ്രകാരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്നു.

| പദ്ധതി നമ്പർ | ബിൽ നമ്പർ/ തീയതി | സ്ഥാപനം | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 198/19 3,18,19,20 വാർഡുകളിൽ പോസ്റ്റ് മാറ്റലും 12,18,19,20 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും | bill no.15/18-19 (1802055209330051460７) 13.9.18 | KSEB പൂഴിക്കുന്ന് | 5,49,761/- |
| 197/19 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നമ്പർ 22/819 (18020552093300758858７)12.11.18 | കെ.എസ്.ഇ.ബി, ഉദിയൻകുളങ്ങര | 2,88,435/- |
| | | കെ.എസ്.ഇ.ബി പൂഴിക്കുന്ന് | 1,87,431/- |
| | | കെ.എസ്.ഇ.ബി പാറശ്ശാല | 23,411 /- |
| 221/19 പെരുന്തറകുളം താഴത്തുവിള റോഡ് ലൈൻ എക്സ്റ്റൻഷൻ | - | KSEB പൂഴിക്കുന്ന് | 1,99,963/- |

ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തിയാക്കി എന്ന് ഉറപ്പാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിലെ ഓരോ വാർഡുകളിലെയും തെരുവ് വിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തനരഹിതമായത്, മെയിന്റനൻസ് ആവശ്യമായത്, ലൈൻ എക്സ്റ്റൻഷൻ ആവശ്യമായവ, പോസ്റ്റ് ഷിഫ്റ്റിംഗ് ആവശ്യമായവ എന്നിവ വിലയിരുത്തി വർക്കിംഗ് ഗ്രൂപ്പിൽ അവതരിപ്പിച്ച് പദ്ധതി രൂപീകരിക്കുന്നതാണ് അഭികാമ്യം. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് ഉറപ്പാക്കേണ്ടതാണ്.

# 1-30 കൈപ്പറ്റ് രസീത് ലഭ്യമായിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നം 21800994/28.12.18 (ചെക്ക് നം.2307510) പ്രകാരം ലൈബ്രറി സെസ്സിനത്തിൽ ലഭ്യമായ തുക

അടവാക്കുന്നതിനായി 2,73,959/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ലൈബ്രറി കൗൺസിലിൽ നിന്നും തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. കൈപ്പറ്റ് രസീത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-31 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - സമയക്രമം പാലിക്കുന്നില്ല – നിയമാനുസൃത പിഴ ഈടാക്കുന്നില്ല.

(എ) വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ സൈറ്റ് കൈമാറിയ തീയതി മുതൽ മൂന്ന് മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നിട്ടും ദീർഘീകരണത്തിനുള്ള അപേക്ഷ ലഭ്യമാക്കാതിരുന്നിട്ടും പൊതുമരാമത്ത് വകുപ്പ് മാന്വൽ -2012, സെക്ഷൻ 2112 പ്രകാരം നിയമാനുസൃതമായ പിഴ ഈടാക്കാതെ ചെലവ് തുക നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, നം | അടങ്കൽ തുക/ഫണ്ട് | ചെലവ് തുക / ബിൽ നം | സൈറ്റ് കൈമാറിയ തീയതി/ എഗ്രിമെന്റ് വച്ച തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി പൂർത്തീ കരിക്കേണ്ട തീയതി |
|---|---|---|---|---|---|
| പാഞ്ചിവിള കുടിവെള്ള പദ്ധതി 290/17-18 | 4,00,000/- CFC Grant | 3,98,688/- 8/18-19, 31.5.18 | 5.10.2017 | 9.3.18 | 5.01.2018 |
| കാര്യോട് കുടിവെള്ള പദ്ധതി | 3,00,000/- CFC Grant | 2,99,301/- 12/18-19 31.5.2018 | 7.10.2017 | 28.2.2018 | 7.01.2018 |
| മര്യാപുരം ഹരിജൻ കോളനി കുടിവെള്ള പദ്ധതി 170/19 | 5,00,000/- (2,48,000/- SCP, 1,60,100/- DF, 91,900/- own fund) | 4,93,714/- (2,48,000/- 125/18 11.3.19, 1,60,100/- 125/18 18.3.19) | 6.9.2018 | 6.2.2019 | 6.12.2018 |
| പ്ലാവിള മുതൽ ലൂഥറൻ ചർച്ച് വരെ നടപ്പാത 209/18 | 3,00,000/- CFC Grant | 2,96,788/- (13/18-19 31.5.18 | 13.10.17 | 17.2.18 | 13.01.18 |
| താമരവിള ഹോമിയോ ആശുപത്രി റോഡ് 166/18 | 3,00,000/- CFC Grant | 2,82,198/- 28/18-19 27.6.2018 | 9.10.2017 | 16.3.2018 | 9.01.2018 |
| മേലമ്മാകം തച്ചംവിളാകം റോഡ് റീടാറിംഗ് (SO249/19)* | 5,00,000/- MF(R) | 4,81,515/- (ബിൽ നം.87/18-19, 30.11.2019) | 14.5.2018/ 21.8.2018 | 13.11.2018 | - |

* മേലമ്മാകം തച്ചംവിളാകം റോഡ് റീടാറിംഗ് (SO249/19) പദ്ധതിയ്ക്ക് മെയിന്റനൻസ് ഫണ്ടിൽ നിന്നും അഞ്ച് ലക്ഷം രൂപ വകയിരുത്തി കരാറുകാരൻ ശ്രീ. വിജയരാജ്. എൻ. മുഖേന 4,81,515/- ചെലവഴിച്ച് (ബിൽ നം.87/18-19, 30.11.2019) പ്രവൃത്തി പൂർത്തീകരിച്ചു. കരാറുകാരനുമായി ഒപ്പുവച്ച കരാർ ഉടമ്പടി ഫയലിൽ ലഭ്യമല്ല. സൈറ്റ് കൈമാറിയ തീയതി അപ്പൻഡിക്സ് XVI(a) പത്രികയിൽ 21.8.2018 ആയും HPCL ൽ ബിറ്റുമെൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിൽ 14.5.2018 ആയും രേഖപ്പെടുത്തി. ഫയലിൽ എഗ്രിമെന്റ് വച്ച തീയതി രണ്ടിടങ്ങളിൽ വ്യത്യസ്തമായി (26.3.2018, 26.5.2018) രേഖപ്പെടുത്തി.

മേൽ പദ്ധതികൾ നടപ്പാക്കുന്നതിന് കാലതാമസം നേരിട്ടത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രതികൂല കാലാവസ്ഥ, ഫീസിബിലിറ്റി, എൻ.ഒ.സി എന്നിവ ലഭിക്കാനുള്ള കാലതാമസം തുടങ്ങിയവയാണ് കാരണങ്ങളായി അറിയിച്ചത്.

(ബി) കരാറുകാർ മുഖേന നടപ്പാക്കിയ പദ്ധതികളിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് കഴിഞ്ഞ് നിശ്ചിത സമയ പരിധിക്കുള്ളിൽ കരാറിലേർപ്പെടാതിരിക്കുകയും എന്നാൽ നിയമപരമായി ഈടാക്കേണ്ട പിഴ ഈടാക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. ഉദാ. കൊച്ചോട്ടുകോണം മേലതുവിള നടപ്പാത കോൺക്രീറ്റ് (44/19) പദ്ധതി നടപ്പാക്കുന്നതിന് 20.07.2018 ന് ശ്രീ.അലോഷ്യസ് സി ആറിന് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും 16.08.2018 ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. മേൽ പ്രവൃത്തിയിൽ പിഴ ഈടാക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16) മറുപടിയായി കരാറുകാരൻ അസുഖബാധിതനായതിനാലാണ് പിഴ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയത് എന്ന് അറിയിച്ചു.

കാലതാമസത്തിനുള്ള കാരണം ബന്ധപ്പെട്ട അധികാരികളെ രേഖാമൂലം അറിയിക്കുകയും യഥാർത്ഥ കാരണം ബോധ്യപ്പെടുന്ന പക്ഷം കാലാവധി നീട്ടി നൽകാവുന്നതുമാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തികൾ നടപ്പാക്കിയിരിക്കുന്നത്. ഭാവിയിൽ ഇത്തരം സന്ദർഭങ്ങളിൽ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

# 1-32 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു.

29.03.2017 ലെ ജി. ഒ. (എം.എസ്)72/2017/lsgd ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഖണ്ഡിക 12.10(1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ റോഡ് വികസന പദ്ധതികൾ രൂപീകരിക്കേണ്ടതാണ് എന്നു നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നം.14, 20.09.2019) മറുപടിയിൽ കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി റോഡ് വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

# 1-33 കുടിവെള്ള പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും പാളിച്ചകൾ- തുടർ നടത്തിപ്പും സംരക്ഷണവും ക്രമപ്പെടുത്തിയിട്ടില്ല.

(എ) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ആകെ 36 കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ അംഗീകാരം ലഭിച്ചിരുന്നെങ്കിലും സുലേഖ ചെലവ് പത്രിക പ്രകാരം 11 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ഇത്രയധികം പദ്ധതികൾ നടപ്പാക്കാതിരിക്കാനുള്ള കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സി.എഫ്.സി ഗ്രാന്റ് വിനിയോഗിച്ച് ഏഴ് പ്രവൃത്തികൾ പൂർത്തീകരിച്ചതായും രണ്ട് പദ്ധതികൾ നടന്ന് കൊണ്ടിരിക്കുന്നതായും അഞ്ച് പ്രവൃത്തികൾ ഉപേക്ഷിച്ചതായും അറിയിച്ചു. തനത് ഫണ്ട് വകയിരുത്തിയിരുന്ന പതിനൊന്ന് പദ്ധതികൾ സ്പിൽ ഓവറായി നടപ്പാക്കിയെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലം എക്സ്പെന്റിച്ചർ ആയിട്ടില്ല എന്നും അറിയിച്ചു. പദ്ധതി ആസൂത്രണവേളയിൽ ഫണ്ടിന്റെ ലഭ്യത കൃത്യമായി വിലയിരുത്താത്തതിനാലാണ് യഥാസമയം പദ്ധതി പൂർത്തീകരിച്ച് കരാറുകാർക്ക് ചെലവ് തുക നൽകാൻ

സാധിക്കാത്ത സാഹചര്യം സംജാതമായത്. അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്നതിന് അംഗീകാരം ലഭിച്ച പദ്ധതികൾക്ക് തനത് ഫണ്ടിൽ നിന്നും 1,89,19,347/- രൂപ വകയിരുത്തിയിരുന്നെങ്കിലും 54,01,953/- രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

15.02.2018 ലും 12.3.2018 ലും നടന്ന കുടിവെള്ളം-ശുചിത്വം എന്ന വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗുകളിൽ 2018-19 വർഷത്തിൽ പരമ്പരാഗത ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും, മഴവെള്ളം സംഭരിച്ച് കൃഷിക്ക് ഉപയുക്തമാക്കണമെന്നും വാട്ടർ സപ്ളൈ പൈപ്പ് ലൈനുകൾ അറ്റകുറ്റപണി നടത്തണമെന്നും നിർദേശമുണ്ടായി. വിവധ ഫണ്ടുകളുടെ ലഭ്യതയും വിനിയോഗവും സംബന്ധിച്ച വിശകലനങ്ങളോ നിർദേശങ്ങളോ ഉണ്ടായിട്ടില്ല. തുടർന്ന് 2.10.2018, 21.11.2018 തീയതികളിൽ ചേർന്ന പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 2019-20 വർഷത്തേയ്ക്കുള്ള പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച ചർച്ചകളും നിർദേശങ്ങളുമാണ് നടന്നിട്ടുള്ളത്. 2018-19 ലെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച വിഷയങ്ങളോ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ചതായോ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പിൽ തനത് ഫണ്ട് അപര്യാപ്തത പരാമർശിച്ചിട്ടുണ്ടെങ്കിലും വരവനുസരിച്ച് ചെലവ് നിജപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്യുന്നതിനുള്ള നിർദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. ധനകാര്യ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഈ വിഷയം പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിച്ച് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

(ബി) 2018-19 ൽ നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ സംരക്ഷണവും തുടർ നടത്തിപ്പും ഉറപ്പാക്കുന്നതിന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുകയോ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓരോ കുടിവെള്ള പദ്ധതിയും പ്രയോജനപ്പെടുത്തുന്ന ഗുണഭോക്താക്കളുടെ/ കുടുംബങ്ങളുടെ വിവരങ്ങളും ലഭ്യമല്ല. പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് സംരക്ഷണവും തുടർ നടത്തിപ്പും അനിവാര്യമായതിനാൽ ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്നതിനും ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-34 കരുണമെഡിക്കൽ മെഡിക്കൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല- ചെലവഴിച്ച തുക പാഴായി

ചെങ്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലുള്ള പ്രവർത്തനമാരംഭിച്ചിട്ടില്ലാത്ത കരുണ മെഡിക്കൽ സ്റ്റോറിൽ ഫാർമസിസ്റ്റിനെ നിയമിച്ചതിലൂടെയും, ഫർണിഷിംഗ് പ്രവൃത്തികൾ ചെയ്തതിലൂടെയും പഞ്ചായത്ത് ഫണ്ടിനു അധിക ചെലവ് / പാഴ്ചെലവുണ്ടായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

# 1-35 ബഡ്സ് സ്കൂൾ റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക ചെലവ് ക്രമപ്രകാരമല്ല.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററിൽ രാവിലെ കുട്ടികളെ എത്തിക്കുന്നതിനും തിരികെ വീടുകളിൽ എത്തിക്കുന്നതിനുമായി വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്. പ്രസ്തുത വാഹനത്തിന്റെ വാടകയിനത്തിൽ 2018-19 വർഷം 212/19 നമ്പർ പ്രോജക്ട് പ്രകാരം 1ലക്ഷം രൂപയും (തനത് ഫണ്ട്) തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം 60,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി ക്വട്ടേഷൻ സ്വീകരിച്ച് വാഹനം ക്രമീകരിച്ചതുമായി ബന്ധപ്പെട്ട അപാകതകൾക്ക് ഖണ്ഡിക 3-3 കാണുക.

# 1-36 യുവജന കായിക വികസനം - മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം - 24/19 ( യുവജന കായിക വികസനം )

നിർവഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 1,20,000/- (പൊതുവിഭാഗം (സാ.ധാ)

ചെലവ് - 1,20,000/-

കായികവികസനം ലക്ഷ്യമാക്കി ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിൽ നിന്നുള്ള യുവജനക്ലബുകളിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഫുട്ബാൾ, വോളിബാൾ, കബഡി, ക്രിക്കറ്റ് തുടങ്ങിയ കായിക പരിശീലന പരിപാടികൾ, മത്സരങ്ങൾ എന്നിവ നടത്തുന്നതിനും കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സര നടത്തിപ്പിനോടനുബന്ധിച്ച ചെലവുകൾ നടത്തുന്നതിനുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത് .

2018 നവംബർ മാസം 24, 25 തീയതികളിൽ പഞ്ചായത്ത്തല കായിക മത്സരങ്ങൾ (ക്രിക്കറ്റ്, വോളിബാൾ, കബഡി, ഫുട്ബോൾ) നടത്തിയതിന്റെയും 4 ദിവസം പരിശീലന പരിപാടികൾ നടത്തിയതിന്റെയും ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)സ്പോർട്സ് ഉപകരണങ്ങൾ, ജഴ്സി എന്നിവ വാങ്ങിയത് - 75,890/- രൂപ

(ബി)ഭക്ഷണ ചെലവ് - 8,000/- രൂപ

(സി) ഉപകരണങ്ങളുടെ വാടക - 4,100/- രൂപ

(ഡി)പ്രോഗ്രാം നടത്തിപ്പ് - 15,000/- രൂപ

(എഫ്) അമ്പയറിംഗ്, മൈക്ക് വാടക - 18,000/- രൂപ

ആകെ - 1,20,990/- രൂപ (limited to 1,20,000/- )

പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1.കേരള സ്റ്റോർ പർച്ചെയ്സ് മാനുവൽ 2013 ഖണ്ഡിക 7.6,7.31എന്നിവ പ്രകാരം 15,000/- രൂപയ്ക്ക് മുകളിലുള്ള പർച്ചെയ്സുകൾ ക്വട്ടേഷൻ ക്ഷണിച്ചാണ് നിർവഹിക്കേണ്ടത്.ഇനം (എ) പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ, ജഴ്സി എന്നിവ വാങ്ങിയതിന് 75,890/- രൂപ ചെലവിട്ടിട്ടുണ്ട്. ഈ വാങ്ങലിന് ക്വട്ടേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

2. സബ്സിഡിമാർഗരേഖ ജി.ഒ.(എം.എസ്) 22/2018 തസ്വഭവ 14.12.18 ഖണ്ഡിക 7.6.2 പ്രകാരം ഓരോ ഇനം ഗെയിമിന്റെയും പഞ്ചായത്ത് തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും, തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരുമാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും, യൂണിഫോമും കാഷ് അവാർഡും നൽകുന്നതിനും, ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം, എന്നിവ നൽകുന്നതിനുമായിട്ടാണ് 30,000/- രൂപ വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരുമാസത്തെ പരിശീലനം നൽകുകയോ, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ്, കാഷ് അവാർഡ്, ട്രോഫി എന്നിവ നൽകുകയോ ചെയ്തിട്ടില്ല. മുഴുവൻ തുകയും ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം, എന്നിവ നൽകുന്നതിനുമായിട്ടാണ് ചെലവിട്ടിരിക്കുന്നത് .

26.11.2018 ലെ സെക്രട്ടറിയുടെ എ2/3915/18 നമ്പർ കത്ത് പ്രകാരം ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസർ, പാറശ്ശാലയ്ക്ക് വിവിധയിനങ്ങളിൽ മത്സരിച്ചവരുടെ ലിസ്റ്റ് മാത്രമാണ് നൽകിയിരിക്കുന്നത്. ഓരോയിനത്തിലും വിജയികളായവരുടെ പേര്, ടീം, സെലക്ഷൻ ട്രയൽസ് നടത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മത്സരത്തിൽ പങ്കെടുത്തവർ ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ച മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ടോ, ടീം അംഗങ്ങൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.

പഞ്ചായത്തിലെ കായിക വികസനത്തിന് അനുയോജ്യമാകുന്ന തരത്തിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും മാർഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം നിർവഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-37 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) യുടെ ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക - തിരികെ

# അടവാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) യുടെ പേരിൽ സൗത്ത് ഇൻഡ്യൻ ബാങ്ക്, ഉദിയൻകുളങ്ങര ബ്രാഞ്ചിൽ നിലവിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം 0242053000012009 ) 31.03.2019 ൽ നീക്കിയിരിപ്പായി 99,989/- രൂപ അവശേഷിക്കുന്നു. 2018-19 വർഷം വരവു വന്നിട്ടുള്ള തുക മുഴുവൻ നിർദ്ദിഷ്ട ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട് (പലിശ വരവ് ഒഴികെ). മുൻ വർഷങ്ങളിൽ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിൽ വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ തുകയാണ് ചെലവഴിക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നത്. എന്നാൽ അവശേഷിക്കുന്ന തുക ഏത് ഫണ്ടിൽ നിന്നാണ് ലഭ്യമായത് എന്നതിന് വ്യക്തമായ മറുപടി മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം നം 18/19 തീയതി 23.09.2019) .

അക്കൗണ്ടിൽ പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭ്യമായ തുക പ്രസ്തുത ആവശ്യങ്ങൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ചെലവ് കഴിച്ച് നിഷ്ക്രിയമായി അവശേഷിക്കുന്ന തുക അതത് ഫണ്ടുകളിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-38 പാലിയേറ്റീവ് കെയർ പ്രോജക്ട് - അപാകതകൾ

**(എ) ആംബുലൻസ്- എച്ച്.എം.സി യ്ക്ക് കൈമാറിയിട്ടില്ല**

പാലിയേറ്റീവ് കെയർ യൂണിറ്റിന് വേണ്ടി പഞ്ചായത്തിന് ലഭിച്ച മാരുതി ഓമ്നി ആംബുലൻസ് (കെ.എൽ.19H1166) സെക്രട്ടറിയുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. വാഹനം 2017 ലാണ് പഞ്ചായത്തിന് ലഭിച്ചിരിക്കുന്നത്.

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ (ജി.ഒ(ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി.29.10.2016) ഖ.2.6.5.2 പ്രകാരം ഇപ്രകാരമുള്ള വാഹനം സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലും അസറ്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയശേഷം, പാലിയേറ്റീവ് കെയർ ആവശ്യത്തിനും അതിന് മുടക്കം വരാത്ത രീതിയിൽ ആവശ്യമെങ്കിൽ ആംബുലൻസ് സർവീസിനും ഉപയോഗിക്കുന്നതിലേയ്ക്കായി പാലിയേറ്റീവ് കെയറിന്റെ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായ എച്ച്.എം.സിക്ക് രേഖാമൂലം കൈമാറേണ്ടതാണ്. വാഹനത്തിന്റെ വിവരങ്ങൾ പി.എച്ച്.സി. യുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. എന്നാൽ വാഹനം എച്ച്.എം.സിക്ക് രേഖാമൂലം കൈമാറിയിട്ടില്ല.

**(2) പാലിയേറ്റീവ് പ്രോജക്ടിൽ മതിയായ തുക വകയിരുത്താതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നു.**

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ [ജി.ഒ(ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി.29.10.2016] ഖ.2.6.5.vi പ്രകാരം പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട വാഹനത്തിന്റെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം എന്നിവയ്ക്ക് പ്രോജക്ടിൽ തുക വകയിരുത്തി ചെലവഴിക്കാവുന്നതും പാലിയേററീവ് കെയർ പ്രോജക്ടിൽ നിന്നും തുക എച്ച്.എം.സി ഫണ്ടിലേയ്ക്ക് നൽകാവുന്നതുമാണ്. നൽകുന്ന തുകയ്ക്ക് എച്ച്.എം.സി യുടെ രസീത് നൽകേണ്ടതും പ്രസ്തുത രസീത് പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ചെലവുരേഖകളോടൊപ്പം വൗച്ചർ നമ്പരിട്ട് സൂക്ഷിക്കേണ്ടതുമാണ്.

ഖണ്ഡിക 2.10.6 പ്രകാരം സാമ്പത്തിക വർഷാരംഭം മുതൽ അവസാനം വരെ വേണ്ടി വരുന്ന എല്ലാ പ്രവർത്തനങ്ങളും ചെലവുകളും കണക്കാക്കി പ്രോജക്ട് തയാറാക്കേണ്ടതും പ്രോജക്ടിന് ഭേദഗതി ആവശ്യമായി വന്നാൽ , ഭേദഗതി വരുത്തി പദ്ധതി ആസൂത്രണ മാർഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിയിൽ നിന്നും അംഗീകാരം വാങ്ങേണ്ടതുമാണ്.

എന്നാൽ പഞ്ചായത്തിൽ സാന്ത്വനപരിചരണം (പ്രോജക്ട് നം 11/19) എന്ന അനിവാര്യ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും 5ലക്ഷം രൂപ വകയിരുത്തി മരുന്നുവാങ്ങുന്നതിനും നഴ്സിന്റെ വേതനം നൽകുന്നതിനും ചെലവഴിച്ചു. പ്രോജക്ടിൽ തനത് ഫണ്ട് വകയിരുത്താതെ പാലിയേറ്റീവ് വാഹനത്തിന്റെ താൽക്കാലിക ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ് എന്നിവയ്ക്ക് തനത് ഫണ്ടിൽ നിന്നും നിന്ന് നേരിട്ടാണ് (വൗച്ചറുകൾ മുഖാന്തിരം) തുക നൽകിയിരിക്കുന്നത്. പ്രോജക്ട് തുക വാഹനത്തിന്റെ വിവിധ ചെലവുകൾക്ക് മതിയാകാതെ വന്ന സന്ദർഭത്തിൽ പ്രോജക്ട് റിവൈസ് ചെയ്യുകയോ ഡി.പി.സി യുടെ അംഗീകാരം തേടുകയോ ചെയ്തിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ആവശ്യകതാനിർണയം നടത്തി, മതിയായ ഫണ്ട് വകയിരുത്തി പാലിയേറ്റീവ് പ്രോജക്ട് രൂപീകരിക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

**(3) പാലിയേറ്റീവ് കെയർ ആംബുലൻസിന് വാടകയിനത്തിൽ ലഭ്യമാകുന്ന തുക എച്ച്.എം.സി യിൽ അടവാക്കുന്നില്ല.**

ഖണ്ഡിക നം 2.6.5.2.viii പ്രകാരം പാലിയേറ്റീവ് കെയർ ഇതര ആവശ്യങ്ങൾക്കുവേണ്ടി വാടക ഈടാക്കി വാഹനം ഓടുകയാണെങ്കിൽ ആയതിന് എച്ച്.എം.സി. നിശ്ചയിക്കുന്ന വാടക ഈടാക്കേണ്ടതും എച്ച്.എം.സി.യുടെ രസീത് നൽകേണ്ടതുമാണ്. അങ്ങനെ ലഭിക്കുന്ന തുക എച്ച്.എം.സി.യുടെ അക്കൗണ്ടിൽ വരവുവക്കേണ്ടതാണ്. എന്നാൽ ആംബുലൻസിന്റെ വാടകയിനത്തിൽ ലഭ്യമായ തുക പഞ്ചായത്ത് ഫണ്ടിലാണ് ഒടുക്കുവരുത്തിയിരിക്കുന്നത് (ധനകാര്യപത്രിക ഹെഡ് കോഡ് 150400101 പ്രകാരം വരവ് 28,000/- രൂപ)

പാലിയേറ്റീവ് കെയർ മാർഗേരഖയിലെ നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പ്രോജക്ട് നിർവഹണം നടത്താൻ നിർവഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-39 തുല്യതാ പത്താം തരം-അധിക തുക നൽകി-11,100/- രൂപ തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര്-- തുല്യതാ പത്താംതരം

പദ്ധതിയുടെ നം.-SO-343/19

പദ്ധതിയുടെ അടങ്കൽ-50,000/-(വികസനഫണ്ട്).

പദ്ധതിയുടെ ചെലവ്-49,950/-

നിർവ്വഹണോദ്യോഗസ്ഥ -ഹെഡ് മാസ്റ്റർ.

ബിൽ നം.7/18-19 തിയതി-26-3-19.

വിദ്യാർത്ഥികളായ യുവജനങ്ങൾക്ക് പഠനനിലവാരം ഉയർത്താൻ വേണ്ടി വിഭാവനം ചെയ്ത പദ്ധതിയാണ് തുല്യതാ പത്താം തരം. കോഴ്സിന് രജിസ്റ്റർ ചെയ്യുന്ന പഠിതാവിന് 1,750/-രൂപ കോഴ്സ് ഫീസായും രജിസ്ട്രേഷൻഫീസായി 100/-രൂപയും വകയിരുത്തി ആകെ 27പഠിതാക്കൾക്ക് 49,950/-രൂപ തിരുവനന്തപുരം ജില്ലാ സാക്ഷരതാമിഷന് കൈമാറി. എന്നാൽ രജിസ്ട്രേഷൻ നടത്തിയത് 21പഠിതാക്കൾ മാത്രമായതിനാൽ 11,100/-രൂപാ കൂടുതലായി തിരുവനന്തപുരം ജില്ലാസാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (40/19) മറുപടിയായി കൂടുതലായി കൈമാറിയ 11,100/-രൂപ തിരുവനന്തപുരം ജില്ലാ സാക്ഷരതാമിഷനിൽ നിന്നും തിരികെ ഈടാക്കി തുക പിൻവലിച്ച അതേ ഹെഡിൽ ഒടുക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. അധികമായി നൽകിയ തുക തിരികെ ഈടാക്കി പിൻവലിച്ച അതേ ഹെഡിൽ ഒടുക്കുന്നതുവരെ 11,100/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-40 ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി-30,000/-രൂപ തടസ്സം.

പദ്ധതിയുടെ പേര് - സാക്ഷരതാ തുടർപഠനം.

പദ്ധതിയുടെ നം.-SO-341/19

പദ്ധതിയുടെ അടങ്കൽ-2,50,000/-(വികസനഫണ്ട്).

പദ്ധതിയുടെ ചെലവ് - 1,50,000/-

നിർവ്വഹണോദ്യോഗസ്ഥ -ഹെഡ് മാസ്റ്റർ.

ബിൽ നം.6/18-19 തിയതി-26-3-19-75,000/-രൂപ

ബിൽനം.8/18-19 തീയതി-27-3-19-75,000/-രൂപ

കേരള സാക്ഷരതാ മിഷൻ മുഖാന്തിരം ചെങ്കൽ ഗ്രാമപഞ്ചായത്തിലെ 21വാർഡുകളിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്ക് പച്ച മലയാളം, ഗുഡ്ഇംഗ്ലീഷ്, അച്ചിഹിന്ദി എന്നി ഭാഷകൾ പഠിപ്പിക്കുന്നതിലേക്കായും പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുമാണ് പദ്ധതിരൂപീകരിച്ച് ഡി.പി.സി.യുടെ അംഗീകാരം നേടിയത്. എന്നാൽ പദ്ധതി വിഭാവനം ചെയ്തത് പോലെ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് പച്ച മലയാളം, ഗുഡ്ഇംഗ്ലീഷ്, അച്ചിഹിന്ദി എന്നീഭാഷകൾ പഠിപ്പിക്കുന്നതിനു പകരം ഹൈസ്കൂൾ വിദ്യാർത്ഥികളെയാണ് ഗുണഭോക്താക്കളാക്കിയത്. മാറ്റത്തിനുസരിച്ച് പ്രോജക്ട് റിവൈസ് ചെയ്തിട്ടില്ല. സാക്ഷരതാ മിഷൻ ഓരോ കോഴ്സിനും 30പേർക്ക് അഡ്മിഷൻ നൽകുകയും ഫീസായി ഒരു വിദ്യാർത്ഥിക്ക് 2,000/-രൂപയും മറ്റ് പഠിതാക്കൾക്ക് 2,500/-രൂപയുമാണ് ഈടാക്കുന്നതെന്ന് നിർവഹണോദ്യോഗസ്ഥൻ അന്വേഷണകുറിപ്പിന് (48/19) നൽകിയ മറുപടിയിൽ വ്യക്തമാക്കി. ഗുഡ് ഇംഗീഷ് കോഴ്സിന് 30 വിദ്യാർത്ഥികളും, അച്ചി ഹിന്ദി കോഴ്സിന് 30 വിദ്യാർത്ഥികളും ഉൾപ്പടെ ആകെ60 പേർ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തു. സാക്ഷരതാ മിഷന്റെ പ്രോസ്പെക്ടസ് പ്രകാരം ഒരു വിദ്യാർത്ഥിക്ക് 2,000/-രൂപ വീതം 60വിദ്യാർത്ഥികൾക്ക് (60*2000) 1,20,000/-രൂപ സാക്ഷരതാമിഷന് നൽകുന്നതിന് പകരം 1,50,000/- രൂപ നൽകി. അധികമായി നൽകിയ 30,000/- രൂപ സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതാണെന്ന് നിർവഹണോദ്യോസ്ഥൻ അന്വേഷണകുറിപ്പ് (48/19) ന് നൽകിയ മറുപടിയിൽ വ്യക്തമാക്കി. അധികമായി നൽകിയ 30,000/-രൂപ തടസപ്പെടുത്തുന്നു.

<u>പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ.</u>

1.സ്കൂൾ വിദ്യാർത്ഥികളെ പ്രോജ്ക്ടിൽ ഉൾപ്പെടുത്താൻ അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2.പദ്ധതി നടപ്പിലാക്കണമെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ ചർച്ചചെയ്ത് നിർവഹണോദ്യോഗസ്ഥയ്ക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

3പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

4.പഠനക്ലാസ്സുകൾ നടത്തിയ സ്കൂളുകളിൽ അദ്ധ്യാപകരുടെ സാന്നിധ്യം ഉറപ്പ് വരുത്തിയില്ല.

5.പങ്കെടുത്ത 60 വിദ്യാർത്ഥികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല.

# 1-41 പൊതുകുളങ്ങൾ അളന്ന് തിരിക്കാതെ തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തി.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ഗ്രാമപഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും, കേരളപഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ്(1)-ാം ഉപവകുപ്പ് 3-ാം-പട്ടിക എന്നിവ പ്രകാരം കൈമാറി കിട്ടിയ പൊതുസ്ഥലങ്ങൾ, കുളങ്ങൾ തുടങ്ങിയവ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കപ്പെടുക എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടതാണ്. ബഹു.കേരള ഹൈക്കോടതി W.P.(C)No.9344/2015-നം ഉത്തരവിൽ കൈമാറി കിട്ടിയ പൊതുസ്ഥലങ്ങൾ, കുളങ്ങൾ തുടങ്ങിയവ അതേ അവസ്ഥയിൽ സംരക്ഷിക്കുവാൻ മാത്രമേ അവകാശം ഉള്ളുവെന്നും, മാറ്റം വരുത്തുവാൻ സർക്കാരിന്റെ അനുവാദം ആവശ്യമാണെന്നും വ്യക്തമാക്കുന്നു.

ഗ്രാമപഞ്ചാത്ത് ഭരണസമിതിയുടെ 5-12-18 ലെ കമ്മിറ്റിയുടെ അജണ്ട12, തീരുമാനം 13പ്രകാരം പഞ്ചായത്തിലെ പെരുഞ്ചാരകുളം, മഠത്തികുളം, മുള്ളംകുളം, കൊച്ചുകുളം തുടങ്ങിയ പൊതുകുളങ്ങൾ വൻതോതിൽ സ്വകാര്യവ്യക്തികൾ കൈയേറിയതിനാൽ, അവ അളന്ന് തിരിക്കുന്നതിനായി റവന്യൂവകുപ്പിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കമ്മിറ്റിയിൽ ഉന്നയിച്ച വിഷയം ചർച്ച ചെയ്യുക

മാത്രമാണുണ്ടായതെന്നും കൈയ്യേറ്റം നടന്നിട്ടില്ല എന്നും അറിയിച്ചു. എന്നാൽകുളങ്ങൾ ഉൾപ്പെടുന്ന പഞ്ചായത്ത് ഭൂമി അളന്ന് തിരിക്കുന്നതിനു മുൻപ്തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്തി. ആയതിന് വേണ്ടിചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കുളത്തിൻെറ പേര് | ചെലവഴിച്ച തുക |
|---|---|
| പെരിഞ്ചാറകുളം | 14,10,173.40 |
| മാത്യകുളം | 14,68,245.92 |
| പാറകുളം | 5,93,632.16 |
| ഇലങ്ങികുളം | 28,71,142.27 |

പഞ്ചായത്തിലെ പൊതുകുളങ്ങളിൽ കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് പഞ്ചായത്ത് കമ്മിറ്റി കൈയ്യേറ്റങ്ങൾ കണ്ടെത്താൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചത്. റവന്യൂവകുപ്പ് കുളങ്ങൾ അളന്ന് തിരിച്ച് കൈയ്യേറ്റങ്ങൾ ഇല്ലായെന്ന് ഉറപ്പുവരുത്തുന്നതിന് മുൻപ് കുളങ്ങളുടെ പുനരുദ്ധാരണങ്ങൾ നടത്തിയത് കൈയ്യേറ്റങ്ങൾ ഉണ്ടെങ്കിൽ അത്തരം കൈയ്യേറ്റങ്ങളെ പഞ്ചായത്ത് സാധൂകരിച്ച് നൽകുന്ന സ്ഥിതിയായി മാറുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലെ മറ്റ് അപാകങ്ങൾ**

1.തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തികരിച്ച പ്രവൃത്തികളിൽ വിജിലൻസ് & മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2.പദ്ധതികൾ പ്രകാരം പ്രവൃത്തികൾക്കായി ലഭ്യക്കിയ സാധനങ്ങളുടെ അളവുകളും,

അവ കൈപ്പറ്റിയ മേറ്റ് നൽകിയ കൈപ്പറ്റ് രസീതുകളും തമ്മിൽപൊരുത്തപ്പെടുന്നില്ല.

3. സൈറ്റ് ഡയറിയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 .

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഉദ്ഘാടനങ്ങൾക്ക് പരിധിയിലധികം തുക ചെലവ് ചെയ്തു

സ.ഉ.(സാധാ) നം.3866/2015/തസ്വഭവ തീയതി 28.12.2015 പ്രകാരം മന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളുടെ ഉദ്ഘാടനങ്ങൾക്കായി 25,000/- രൂപയും മറ്റു ഉദ്ഘാടനങ്ങൾക്ക് 10,000/- രൂപയും പരമാവധി ചെലവു ചെയ്യാവുന്നതാണ്. പ്രസ്തുത ഉത്തരവ് പരിധിയിൽ അധികരിച്ച് ഗ്രാമപഞ്ചായത്തു നടത്തിയ ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഉദ്ഘാടന പരിപാടി | ചെലവു തുക | ചെക്ക് നം./തീയതി | മേൽ ഉത്തരവു പ്രകാരം അനുവദനീയമായ പരമാവധി ചെലവ് | അധിക ചെലവ് |
|---|---|---|---|---|
| എന്റെ ഗ്രാമം ജൈവ ഗ്രാമം പദ്ധതി | 10,000/-<br>10,000/-<br>23,680/-<br>ആകെ 43,680/- | 014896/16.06.2018<br>014898/18.06.2018<br>015101/17.07.2018 | 25,000/- | 18,680/- |
| ബഡ്സ്കൂൾ ഉദ്ഘാടനം | 15,800/-<br>1,900/-<br>10,000/-<br>ആകെ 27,700/- | 014894/16.06.2018<br>014893/16.06.2018<br>14755/31.05.2018 | 10,000/- | 17,700/- |
| | | | ആകെ | 36,380/- |

സർക്കാർ നിർദ്ദേശിച്ചതിലുമധികമായി ചെലവു ചെയ്യുവാനുള്ള കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.23/23.09.2019, 42/26.09.2019) ലഭിച്ച മറുപടി പ്രസ്തുത ചെലവ് കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 213 (4) (i) പ്രകാരം ചെലവു ചെയ്തിട്ടുള്ളതാണെന്നാണ്. എന്നാൽ പ്രസ്തുത ചെലവ് സർക്കാർ നിർദ്ദേശിക്കുന്ന വാർഷിക പരിധിയെ അധികരിക്കുവാൻ പാടില്ലായെന്ന് വകുപ്പ് 213(4)ൽ തന്നെ വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ സെക്രട്ടറിയുടെ മറുപടി അംഗീകരിക്കുന്നില്ല. അനുമതി ഉത്തരവിൽ നിർദ്ദേശിക്കുന്നതിലും അധികമായി ചെലവു ചെയ്ത തുക തനതു ഫണ്ടിനുണ്ടായ നഷ്ടമായി വിലയിരുത്തുന്നു.

## 3-2 കരുണ മെഡിക്കൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചില്ല-ചെലവഴിച്ച തുക പാഴായി

**(എ) പ്രവർത്തനം ആരംഭിക്കാത്തതിനാൽ ഫർണിഷിംഗിന് വിനിയോഗിച്ച തുക (2,37,209/-രൂപ) തടസ്സപ്പെടുത്തുന്നു.**

പ്രോജക്ട് നം.224/19

നിർവ്വഹണ ഉദ്യോഗസ്ഥ – അസി. എഞ്ചിനീയർ

അടങ്കൽ – 2,50,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്)

ചെലവ് – 2,37,209/-

ട്രഷറി ബിൽ നം.1/18-19 തീയതി 29.05.2018

2016-17 ൽ തനത് ഫണ്ട് (4,98,977/-രൂപ) വിനിയോഗിച്ച് മെഡിക്കൽ സ്റ്റോറിന് കെട്ടിട നിർമ്മാണം ആരംഭിക്കുകയും 2017-18 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2018-19 ൽ മെയിന്റനൻസ് ഫണ്ട് (NR) വിനിയോഗിച്ച് സിഡ്കോ മുഖാന്തിരം 2,37,209/-രൂപയ്ക്ക് മെഡിക്കൽ സ്റ്റോർ ഫർണിഷിംഗ് എന്ന പദ്ധതി അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ ഈ കെട്ടിടം പൂട്ടിയിട്ടിരിക്കുന്നതായും മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനത്തിന് വാങ്ങിയ റഫ്രിജറേറ്റർ ഉപയോഗിക്കാതെയും, കമ്പ്യൂട്ടർ ടേബിൾ, കസേര എന്നിവ പി.എച്ച്.സിയിൽ സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തി.

റഫ്രിജറേറ്റർ പ്രവർത്തിപ്പിക്കാതിരുന്നാൽ കേടായി നശിച്ച് പോകുന്നതുമാണ്. കൂടാതെ സിഡ്കോയുടെ ഇൻവോയിസിൽ wooden framed racks എന്ന് രേഖപ്പെടുത്തിയിരിക്കുന്നെങ്കിലും metal framed racks ആണ് ഘടിപ്പിച്ചിരിക്കുന്നത്. വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ പദ്ധതി നിർവ്വഹണത്തിലെ പിഴവുകളും വീഴ്ചകളും പരിശോധിക്കുകയോ വിലയിരുത്തുകയോ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്തിട്ടില്ല. പി.എച്ച്.സിയിൽ തന്നെ പ്രവർത്തനക്ഷമമായ ഫാർമസി ഉണ്ടായിരിക്കെ ഈ പദ്ധതി ലക്ഷ്യബോധമില്ലാതെയും ആവശ്യകത ഉറപ്പാക്കാതേയും നടപ്പാക്കിയതിനാൽ പാഴ്ചെലവ് സംഭവിച്ചിരിക്കുന്നു. ഭരണസമിതി ഈ വിഷയം പരിശോധിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഫർണിഷിംഗിനായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

<u>ബി) പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത കരുണ മെഡിക്കൽ സ്റ്റോറിനുവേണ്ടി താത്കാലിക ഫാർമസിസ്റ്റിനെ നിയമിച്ച് വേതനം നൽകി - 90,000/- രൂപയുടെ അനധികൃത ചെലവ്</u>

പ്രോജക്റ്റ് നം. - 200/19 ( താത്കാലിക ഫാർമസിസ്റ്റിന് വേതനം )

നിർവഹണ ഉദ്യോഗസ്ഥ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അടങ്കൽ - 1,00,000/- (തനത് ഫണ്ട്)

ചെലവ് - 90,000/- ( ചെക്ക് നം.2314307/16.08.18-64,956/-

ചെക്ക് നം. 2314324/19.09.18- 55,000/-

ചെക്ക് നം. 2314353/24.10.18- 10,000/-

ചെക്ക് നം. 2314371/21.11.18-55,000/-

ചെക്ക് നം. 2314400/22.12.18-55,000/-

ചെക്ക് നം. 016474/18.01.19- 61,708/-

ചെക്ക് നം. 2307530/8.02.19- 55,000/-

ചെക്ക് നം. 017082/13.03.19-55,000/-

ചെക്ക് നം. 017228/30.03.19-64,052/-)

(ഓരോ ചെക്കിലും 10,000/- രൂപ വീതം ആകെ 90,000/- രൂപ പ്രോജക്റ്റ് നം.200/19 നായി ചെലവഴിച്ചു.) പ്രോജക്റ്റ് നം.199/49, 201/19 എന്നിവയിലെ ചെലവുകൾക്കാണ് ചെക്ക് പ്രകാരമുള്ള ബാക്കി തുകകൾ ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.06.2018ലെ നടപടിക്രമങ്ങൾ പ്രകാരം (ഉത്തരവ് നം.എ6/3642/18 തീയതി 20.06.2018) ചെങ്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലുള്ള കരുണ മെഡിക്കൽ സ്റ്റോറിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നതിലേയ്ക്കായി ചെങ്കൽ ഗ്രാമപഞ്ചായത്തിൽ വച്ച് നടത്തിയ ഇന്റർവ്യൂവിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ശ്രീമതി. എം.എസ്. അനുകല, നന്ദനം, കോടങ്കര, മര്യാപുരം എന്നയാളെ ദിവസ വേതനാടിസ്ഥാനത്തിൽ ഫാർമസിസ്റ്റായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 16.06.2018ലെ 8(6)-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമനം നടത്തിയിരിക്കുന്നത്. നിയമനം സംബന്ധിച്ച ഫയൽ, ഫാർമസിസ്റ്റിന്റെ യോഗ്യത, കരാർ, മറ്റ് രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. രേഖകൾ പ്രകാരം നിയമന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. അനുകല മെഡിക്കൽ ഓഫീസർ മുമ്പാകെ 02.07.2018 ൽ ജോലിക്ക് ഹാജരായിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം കരുണ മെഡിക്കൽ സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിന് കെട്ടിടം നിർമ്മിക്കുകയും. 2018-19 വർഷം ഫർണിഷിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. നേരിട്ടുള്ള പരിശോധനയിൽ മെഡിക്കൽ സ്റ്റോർ പൂട്ടിയിട്ടിരിക്കുന്നതായും കണ്ടു. മെഡിക്കൽ സ്റ്റോർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്നു ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/19.09.2019ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മെഡിക്കൽ സ്റ്റോറിലേയ്ക്ക് നിയമിച്ച താത്കാലിക ഫാർമസിസ്റ്റിന്

വേതനമായി 90,000/- രൂപ നൽകിയിരിക്കുന്നു. ഇത് ക്രമവിരുദ്ധമായതിനാൽ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത മെഡിക്കൽ സ്റ്റോറിൽ ജോലിയ്ക്ക് ഹാജരാകാൻ ഫാർമസിസ്റ്റിന് നിർദ്ദേശം നൽകിയ സെക്രട്ടറിയ്ക്കും, പ്രസ്തുത സ്റ്റോറിലെ താത്കാലിക ഫാർമസിസ്റ്റിന് വേതനമിനത്തിൽ തുക അനുവദിച്ച മെഡിക്കൽ ഓഫീസർക്കും (നിർവഹണ ഉദ്യോഗസ്ഥ) ഇതിൽ ബാധ്യതയുണ്ട്. അനധികൃതമായി ചെലവഴിച്ച 90,000/- രൂപ ഇവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

പ്രോജ്ക്റ്റ് രൂപീകരണം, നിർവഹണം എന്നിവയിലെ മറ്റ് അപാകതകളും ക്രമക്കേടുകളും ചുവടെ ചേർക്കുന്നു.

1. പി.എച്ച്.സി. യിൽ കരുണ മെഡിക്കൽ സ്റ്റോർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ആരോഗ്യം വർക്കിംഗ് ഗ്രൂപ്പിലോ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ചർച്ച ചെയ്യാതെ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം പ്രോജ്ക്റ്റിന് ഭരണാനുമതി ലഭ്യമാക്കിയിരിക്കുന്നു.

2. 12.09.2018 ലെ എച്ച്.എം.സി. തീരുമാനം 7 പ്രകാരം പഞ്ചായത്തിൽ നിന്നും മെഡിക്കൽ സ്റ്റോറിൽ നിയമിച്ച ശ്രീമതി. അനുകല എം.എസ്. എന്ന ഫാർമസിസ്റ്റിനെ മെഡിക്കൽ സ്റ്റോറിന്റെ നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ ആശുപത്രിയിലെ ഫാർമസിയിൽ സഹായിക്കുന്നതിനായി നിർത്താൻ അറിയിച്ചുവെന്ന് വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5 തീയതി 19.09.2019) മെഡിക്കൽ ഓഫീസർ മറുപടി നൽകിയിരുന്നു. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്തതിന്റെയോ വിഷയം ഭരണസമിതിയുടെയോ സെക്രട്ടറിയുടെയോ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ രേഖകളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.

പി.എച്ച്.സി.യിൽ അംഗീകൃത തസ്തികയിൽ ഒരു ഫാർമസിസ്റ്റ് ജോലിചെയ്യുന്നുണ്ട്. പുതുതായി ഒരാളെ സഹായിയായി നിയമിക്കുന്നതിന് പഞ്ചായത്തിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം എച്ച്.എം.സി. തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം പി.എച്ച്.സി. യിൽ ഫാർമസിസ്റ്റിനെ അധികമായി നിയമിക്കുകയും എച്ച്.എം.സി. ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് പകരം തനത് ഫണ്ടിൽ നിന്നും ക്രമവിരുദ്ധമായി വേതനവും നൽകിയിരിക്കുന്നു.

പ്രാബല്യത്തിലുള്ള നിയമങ്ങളും സർക്കാർ മാർഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പ്രോജക്റ്റ് രൂപീകരണം, നിർവഹണം എന്നിവ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-3 ബഡ്സ് സ്കൂൾ റീ ഹാബിലിറ്റേഷൻ-സെന്റർ വാഹന വാടക ചെലവ് ക്രമപ്രകാരമല്ല.

<u>എ) ക്വട്ടേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചില്ല</u>

പ്രോജക്റ്റ് നം. - 212/19 ( ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ വാഹന വാടക )

നിർവഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 1,00,000/- (തനത് ഫണ്ട്)

ചെലവ് - 1,00,000/-

(ചെക്ക് നം.014965 തീയതി 06.07.18 , 20,000/-, കേരള ഗ്രാമീൺ ബാങ്ക് )

(ചെക്ക് നം.015343 തീയതി 10.08.18 , 20,000/-കേരള ഗ്രാമീൺ ബാങ്ക് )

(ചെക്ക് നം.015373 തീയതി 04.09.18 , 12,000/-കേരള ഗ്രാമീൺ ബാങ്ക് )

(ചെക്ക് നം.015577 തീയതി 04.10.18 , 17,000/-കേരള ഗ്രാമീൺ ബാങ്ക് )

(ചെക്ക് നം.2314363 തീയതി 07.11.18 , 19,000/- ട്രഷറി അക്കൗണ്ട്)

(ചെക്ക് നം.016433 തീയതി 13.12.18 , 12,000/-കേരള ഗ്രാമീൺ ബാങ്ക് )

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്ററിൽ രാവിലെ കുട്ടികളെ എത്തിക്കുന്നതിനും തിരികെ വീടുകളിൽ എത്തിക്കുന്നതിനുമായി വാഹനം വാടകയ്ക്കെടുത്തിട്ടുണ്ട്. പ്രസ്തുത വാഹനത്തിന്റെ വാടകയിനത്തിൽ 2018-19 വർഷം 212/19 നമ്പർ പ്രോജക്ട് പ്രകാരം 1ലക്ഷം രൂപയും (തനത് ഫണ്ട്) തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം 60,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട് പ്രകാരം വകയിരുത്തിയിരുന്ന തുകയെക്കാൾ അധികമായി 60,000/- രൂപ ചെലവുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജിലെ വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ട അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റി വച്ചതിനുശേഷം മിച്ചമുള്ള തുകയാണ് തനത്ഫണ്ട് സ്രോതസായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. ഇപ്രകാരമാണോ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല.

16.05.2018 ലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം (നമ്പർ 1/എ.എസ് /18-19) വാഹനം വാടകയ്ക്ക് നൽകുന്നതിന് താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചിട്ടുണ്ട്. ക്വട്ടേഷനുകൾ 23.05.2018 ന് മുൻപ് പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കുന്നതിനും തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റി ക്വട്ടേഷനുകൾ തുറക്കുന്നതും കമ്മിറ്റി തീരുമാനത്തിന് വിധേയമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്ന് ക്വട്ടേഷൻ നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ തുകയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.ബർണാർഡ് റ്റി.സി, ത്രിവേണി, പാവറത്ത് പുത്തൻവീട്, ആറയൂർ പി. ഒ (@1000/- per day) എന്നയാളിന്റെ ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടുള്ള 16.06.2018 ലെ 3(5)-ാം നമ്പർ ഭരണസമിതി തീരുമാനം ഇപ്രകാരമാണ്, "ശ്രീ ബർണാർഡ് റ്റി.സി. എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ച കമ്മിറ്റി ക്വട്ടേഷൻ അംഗീകരിച്ചതിന് മുൻപുള്ള 2018 ജൂൺ മാസം1 മുതലുള്ള വണ്ടി വാടക ഇനത്തിൽ, സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ 1,000/- രൂപ നിരക്കിൽ തനത് ഫണ്ട് വിനിയോഗിച്ച് 2018-19 വർഷത്തിൽ വകയിരുത്തിയ പ്രോജക്ടിൽ നിന്നും നൽകുന്നതിന് ഐകകണ്ഠ്യേന തീരുമാനിച്ചു".

ക്വട്ടേഷനുകൾ തുറക്കുന്നതിനും അംഗീകരിക്കുന്നതിനും കാലതാമസം വന്നതായി കാണുന്നു. മിനിട്സ് ബുക്ക്, സകർമ എന്നിവ പ്രകാരം പഞ്ചായത്ത് ഭരണസമിതി 23.05.2018 ന് ശേഷം 29.05.2018 , 16.06.2018, 19.06.2018 തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്. ക്വട്ടേഷൻ അംഗീകരിച്ച തീരുമാനമെടുത്തത് 16.06.2018നാണ് ).

01/06/18 മുതൽ 30/06/2018 വരെയുള്ള 20 പ്രവൃത്തി ദിവസങ്ങളിലെ വാഹന വാടകയായി ശ്രീ.ബർണാർഡിന് ചെക്ക് നം. 014965/06.07.2018 മുഖേന 20,000/- രൂപ (1000x20) നൽകിയിട്ടുണ്ട് (അക്കൗണ്ട് ട്രാൻസ്ഫർ). ഇതിൽ ക്വട്ടേഷൻ തുറക്കുന്നതിനും, ഭരണസമിതി അംഗീകരിക്കുന്നതിനും മുൻപുള്ള തീയതിയിൽ നടന്ന 10,000/- രൂപയുടെ ( 1-ാം തീയതി മുതൽ 16-ാം തീയതി വരെ ഉണ്ടായിരുന്ന 10 പ്രവൃത്തി ദിവസങ്ങളിൽ വാഹനം ഓടിയതിന് 10x1,000/- രൂപ) ചെലവ് ഉൾപ്പെടുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/26.09.2019) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി ഇപ്രകാരമാണ് "സ്കൂൾ തുറക്കുന്ന ദിവസം മുതൽ വാഹന സൗകര്യം ലഭ്യമാക്കണമെന്ന് പ്രസിഡന്റിന്റെ നിർദ്ദേശത്തെ തുടർന്ന് പ്രസിഡന്റ് നിർദ്ദേശിച്ച ശ്രീ. ബർണാഡ് എന്നയാളെ പഞ്ചായത്ത് നിശ്ചയിക്കുന്ന വാടക സ്വീകരിച്ചുകൊള്ളാം എന്ന സമ്മതപ്രകാരം ടി കുട്ടികളെ സ്കൂളിലേയ്ക്ക് എത്തിക്കുന്നതിന് ചുമതലപ്പെടുത്തി. തുടർന്ന് ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം 1,000/- രൂപ നിരക്കിൽ ശ്രീ. ബർണാഡ് എന്നയാളുടെ ക്വട്ടേഷൻ 16.06.2018 ലെ 7(1) ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു". ഇത്തരം ചെലവുകൾ മുൻകൂട്ടി കണ്ട് നടപടി സ്വീകരിക്കുന്നതിന് സമയബന്ധിതമായി ശ്രമിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

**ബി) മറ്റ് അപാകതകൾ**

പ്രോജക്ട് ഫയലിൽ ശ്രീ.ബർണാർഡ് റ്റി.സി, ലഭ്യമാക്കിയ ക്വട്ടേഷൻ ലഭ്യമല്ല. ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്ന മറ്റ് രണ്ട് പേരുടെയും (ചന്ദ്രൻ, അനിൽകുമാർ) തീയതി രേഖപ്പെടുത്താത്ത അപേക്ഷയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ശ്രീ. ചന്ദ്രൻ സി. ലഭ്യമാക്കിയ ക്വട്ടേഷനിൽ തുക തിരുത്തിയിട്ടുമുണ്ട്. ആയത് സ്വയം സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ക്വട്ടേഷനിൽ വിജയിയായ ശ്രീ. ബർണാർഡ് റ്റി.സി, (വാഹനം വാടകയ്ക്ക് നൽകിയ ആൾ) നിർവ്വഹണ ഉദ്യോഗസ്ഥനുമായി വച്ച കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഏതു കാലയളവിലേയ്ക്കാണ് വാഹനം വാടകയ്ക്ക് നൽകിയിരിക്കുന്നത്, ഏതു തുകയാണ് ശ്രീ. ബർണാർഡ് ക്വാട്ട് ചെയ്തത് തുടങ്ങിയ വിവരങ്ങളൊന്നും ലഭ്യമല്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്ന രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17.06.2019, 20.06.2019 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.1/1151/2019 തീയതി 24.07.2019 |

വരവിനത്തിൽ അക്കൗണ്ടിൽ ക്രഡിറ്റ് ആയ ചെക്കുകൾ 2019 മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികയിൽ, ബാങ്കിൽ ക്രെഡിറ്റ് ചെയ്യാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു.

യഥാർത്ഥത്തിൽ ചെലവാകാത്ത തുകകൾ ബാങ്ക് ബുക്കിൽ ചെലവായി കാണിക്കുകയും റീ കൺസിലിയേഷൻ പ്രകാരം 31.3.19 ൽ cheque issued not collectedഎന്ന നിലയിലും ഉൾപ്പെത്തിയിരിക്കുന്നു.

(വിശദാംശങ്ങൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിരിക്കുന്നു)

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | വകയിരുത്തിയ തുക | പദ്ധതിയുടെ പേര് | മുന്നിരിപ്പ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 288000 | 288000 | ജലശ്രീ കിണർ റീ ചാർജ്ജ് 12/19 | 0 | 0 | 288000 |
| | | 600000 | 600000 | ക്ഷീര സമൃദ്ധി 209/19 | 0 | 600000 | 0 |
| | | 460000 | 460000 | ക്ഷീര സമൃദ്ധി(വനിത) 210/19 | 0 | 460000 | 0 |
| | | 30000 | 30000 | ജൈവസമൃദ്ധി തരിശ് ഭൂമി കൃഷി 218/19 | 0 | 30000 | 0 |
| | | 285000 | 285000 | സ്നേഹസ്പർശം ഭിന്ന ശേഷി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 3/19 | 0 | 285000 | 0 |
| | | 2537700 | 1041040 | ലൈഫ് ഭവന പദ്ധതി 196/19 | 0 | 1040000 | 1497700 |
| | | 64000 | 64000 | കിണർ റീ ചാർജ്ജ് | 0 | 0 | 64000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | (എസ്.സി.പി) 214/19 | | | |
| | | 0 | 1496660 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) 342/19 | 0 | 0 | 0 |
| | | 0 | 1109250 | കേദാരം സമഗ്ര നെൽകൃഷി വികസനം 206/19 | 0 | 0 | 0 |
| **ആകെ** | | **4264700** | | | | **2415000** | **1849700** |
| ജില്ലാ പഞ്ചായത്ത് വിഹിതം | 2018-2019 | 432000 | 432000 | ജലശ്രീ കിണർ റീ ചാർജ്ജ് 12/19 | 0 | 0 | 432000 |
| | | 831937 | 1109250 | കേദാരം സമഗ്ര നെൽകൃഷി വികസനം 206/19 | 0 | 831937 | 0 |
| | | 600000 | 600000 | ക്ഷീര സമൃദ്ധി 209/19 | 0 | 600000 | 0 |
| | | 390000 | 460000 | ക്ഷീര സമൃദ്ധി (വനിത) 210/19 | 0 | 390000 | 0 |
| | | 175000 | 441000 | ഹരിത ഭവനം 215/19 | 0 | 175000 | 0 |
| | | 30000 | 30000 | ജൈവസമൃദ്ധി തരിശ് ഭൂമി കൃഷി 218/19 | 0 | 30000 | 0 |
| | | 285000 | 285000 | സ്നേഹസ്പർശം ഭിന്ന ശേഷി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് 3/19 | 0 | 285000 | 0 |
| | | 3263109 | 3263109 | ലൈഫ് ഭവന പദ്ധതി 196/19 | 0 | 3263109 | 0 |
| | | 96000 | 96000 | കിണർ റീ ചാർജ്ജ് (എസ്.സി.പി) 214/19 | 0 | 0 | 96000 |
| | | 2123446 | 2123446 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) 342/19 | 0 | 616007 | 1507439 |
| **ആകെ** | | **8226492** | | | | **6191053** | **2035439** |

# 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുന്നിരിപ്പ് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 0 | 4,99,277/- | 0 | 0 | 4,99,277/- |
| | 3,18,19,20 വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റലും 12,18,19,2 ലൈൻ എക്സ്റ്റൻഷൻ | 0 | 6,49,743/- | 0 | 0 | 6,49,743/- |
| | പെരുന്തറക്കുളം താഴത്തുവിള റോഡ് ലൈൻ എക്സ്റ്റൻഷൻ | 0 | 1,99,963/- | 0 | 0 | 1,99,963/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നം/ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|
| ഇ.എം.എസ്. ഭവനപദ്ധതി | ജി.ഒ (ആർ ടി) 478/2010/lsgd/11.02.2010 EMS | 1,80,00,000/- | 13,31,641/- | 0 | 13,31,641/- |
| ലൈഫ് | ജി.ഒ (എം.എസ്) 68/2018/lsgd- 18.5.2018 KURDFC | 3,59,55,316/- | 3,59,55,316/- | 0 | 3,59,55,316/- |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006/07 | 3.5.1 | 2010/11 | 3.5.1 | ചട്ടങ്ങൾ പാലിക്കാതെ വർക്കുകൾ ടെൻഡർ നൽകി | |
| 2002/03 | 3.5.1 | 2007/08 | 3.5.1 | ബി ഫണ്ട് ചിലവ് - അനുവദിച്ചതിൽ കൂടുതൽ തുക കർഷക തൊഴിലാളി പെൻഷന് അനുവദിച്ചു | |
| 2011/12 | 2009-10<br>3-7 (1 മുതൽ 12 വരെ)<br>2010-11<br>3.5(1,2) | 2009-10<br>2010-11 | 2009-10<br>3-7(1 മുതൽ 12 വരെ)<br>2010-11<br>3.5(1,2) | ചില പ്രവർത്തികളിൽ റ്റി.എ.ജി അംഗീകാരത്തെക്കാൾ കൂടുതൽ തുക ചെലവഴിച്ചു | |
| 2011/12 | 2011-12<br>3.1.6 | 2011-12 | 2011-12<br>3.1.6 | കൃഷി ഭവനകളിൽ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തൽ | |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 14,76,01,172.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,70,32,746.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,26,380.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,76,168.00 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 36,380.00 | ശ്രീ. ചന്ദ്രലാൽ.വി.സി, സെക്രട്ടറി |
| 3-2(ബി) | | 90,000.00 | ഡോ. എസ്. എൽ. ലിജു,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഭരണ സമിതി അംഗങ്ങൾ (പേര് വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്) |

***<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>***

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 24,000/- | ശ്രീ. ചന്ദ്രലാൽ.വി.സി , സെക്രട്ടറി |
| 1-30 | 2,73,959/- | ശ്രീ. ചന്ദ്രലാൽ.വി.സി, സെക്രട്ടറി |
| 1-39 | 11,000/- | ശ്രീമതി. വിജയകുമാരി എസ്സ്. ഹെഡ്മിസ്ട്രസ്സ് |
| 1-40 | 30,000/- | ശ്രീമതി. വിജയകുമാരി എസ്സ്. ഹെഡ്മിസ്ട്രസ്സ് |
| 3-2(എ) | 2,37,209/- | ഭരണ സമിതി അംഗങ്ങൾ (പേര് വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്) |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ചന്ദ്രലാൽ വി.സി.<br>സെക്രട്ടറി | സെക്രട്ടറി,<br>പാറശ്ശാല ഗ്രാമപഞ്ചായത്ത് | നാരായണീയം,<br>VP3/74-A,<br>മണ്ണറക്കുഴി,<br>പുളിയറക്കോണം |
| ഡോ. എസ്.എൽ. ലിജ്ജ<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഒലിവ് ലീവ്സ്,<br>ഉദിയൻകുളങ്ങര,<br>അമരവിള പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| | | |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തി.08.06.18 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തി.08.06.18 | 10 |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1247/18തി.08.06.18 | 1 |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1631/08തി.15-11-10 | 15 |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1641/08തി.23-7-09 | 6 |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി/1/1251/09തി.22-3-10 | 12 |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി/1/545/11തി.9-5-2012 | 14 |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി/1/546/11തി.13-06-12 | 12 |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി/1/331/11തി.05-04-13 | 10 |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി/1/970/13തി.12-11-13 | 9 |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1820/13തി.12-3-14 | 9 |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.1/1145/2014<br>തിയതി-15-10-2014 | 12 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/686/15,<br>തി. 11-09-2015 | 26 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1374/2016,<br>തി. 01-08-2016 | 23 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2132/2016,<br>തി. 11-12-2016 | 18 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/1877/2017,<br>തി. 19.9.2017 | 24 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി1/2227/2018,<br>തി. 10-12-2018 | 24 |

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

**ജോയിന്റ് ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം തിരുവനന്തപുരം**

ആർ.23.11.19